
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 05 | THE ONLINE OFFICIAL NEWS BULLETIN | 2025 January 30

SEASON OF THE EPIPHANY | ദനഹാകാലം | ܥܕܢܐ ܕܕܢܚܐ


ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
 2 ✝ Maelto (Entance of Our Lord into the Temple) Comme. of St. Simon and Hanna. 57th Mem. of Pathros Mar Osthathios Metropolitan (Kandanad Carmel Dayara) ♪3	 3 Comme. of Mar Barsauma & Mar Antonios Comme. of All Spiritual Father ♪2	4 ♪6	5 ♪2	6 ♪6	7 ♪2	 8 Comme. of Mar Abo (Morth Mariyam Church, Thevalakkara) ♪6



ആലുവാ തൃക്കുന്നത്തു സെമിനാരി സെന്റ് മേരീസ് ചാപ്പലിൽ നടന്ന സംയുക്ത ഓർമ്മപെരുന്നാളിന് പ. കാതോലിക്കാ ബാവാ മുഖ്യകാർമ്മികത്വം വഹിച്ചു.



മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവയുടെ ഓർമ്മപ്പെരുന്നാളിന്റെ ഭാഗമായി മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവയുടെ കാർമികത്വത്തിൽ മൗണ്ട് ഹോറേബ് മാർ ഏലിയാ ചാപ്പലിലെ കബറിങ്കൽ നടന്ന ധൂപപ്രാർത്ഥന



എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ മത്ഥിയാസിനെ ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഫാ. ഡോ. ജോസി ജേക്കബ് എന്നിവരടങ്ങുന്ന മലങ്കര ഓർത്തഡോക്സ് പ്രതിനിധി സംഘം സന്ദർശിച്ചു.



വിവിധ രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിച്ച സഭാംഗങ്ങളെ ആദരിക്കുന്ന 'മെറിറ്റ് ഈവനിംഗ് 2025' പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.



Dr Yuhanon Mar Dimithrios with Abune Baslyos New Patriarch of Eritrean Orthodox Church.

കണക്കെടുപ്പ് അപ്രസക്തമെന്ന സുപ്രീംകോടതി നിലപാടിനെ സ്വാഗതം ചെയ്യുന്നു: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

കോട്ടയം; മലങ്കരസഭാക്കേസിൽ കണക്കെടുപ്പിന് പ്രസക്തിയില്ലെന്ന സുപ്രീംകോടതി നിലപാടിനെ സ്വാ?ഗതം ചെയ്യുന്നു. ഇരുവിഭാഗങ്ങളുടെയും അംഗസംഖ്യ എടുക്കാൻ കോടതി സർക്കാരിന് നിർദേശം നൽകിയിരുന്നു. എന്നാൽ ഈ കണക്ക് പൂർണമാകില്ലെന്നും സത്യസന്ധമായി വിവരങ്ങൾ പുറത്തുവരില്ലെന്നുമായിരുന്നു ഓർത്തഡോക്സ് സഭയുടെ നിലപാട്. സർക്കാർ എടുത്ത കണക്ക് കേസിൽ പ്രസക്തമല്ലെന്ന് ഇന്ന് സുപ്രീംകോടതി നിരീക്ഷിച്ചു. അതിനാൽ കണക്കുകൾ തിരികെ നൽകിയത് സ്വാഗതാർഹമാണെന്ന് ഓർത്തഡോക്സ് സഭ മാധ്യമ വിഭാഗം തലവൻ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് പ്രതികരിച്ചു. എറണാകുളം, പാലക്കാട് ജില്ലകളിലെ 6 പള്ളികളുടെ കേസ് ഹൈക്കോടതി പരി?ഗണിക്കണമെന്ന് സുപ്രീംകോടതി ഉത്തരവിട്ടു. പ്രായോഗികമായി എങ്ങനെ വിധിനടപ്പാക്കാമെന്നത് ഹൈക്കോടതി പരിശോധിക്കണമെന്നും സുപ്രീംകോടതി വ്യക്തമാക്കി. നിലവിൽ വിധി നടത്തിപ്പ് പൂർത്തിയായ പള്ളികളിൽ സമാധാനം കൈവന്നിട്ടുണ്ടെന്ന് മലങ്കരസഭ സുപ്രീംകോടതിയെ അറിയിച്ചു. ഈ പള്ളികളിലൊന്നും നിലവിൽ പ്രശ്നങ്ങളില്ലെന്നും കോടതിയെ ബോധിപ്പിച്ചു. മലങ്കരസഭയുടെ പള്ളികൾ 1934-ലെ ഭരണഘടന പ്രകാരം ഭരിക്കപ്പെടണമെന്ന മുൻ ഉത്തരവുകൾ സീനിയർ അഭിഭാഷകൻ കെ. കെ. വേണുഗോപാൽ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കര

എ. ഡി. 1926-നു കൊല്ലം 1101 മകരം 13-നു മുതലുള്ള ഡയറി.

545. കൊച്ചുമെത്രാച്ചനു. തിയോളജിക്കൽ ക്ലാസ്സ് തുടങ്ങുന്നതിനെ സംബന്ധിച്ചും, പുനലൂർ കിഴക്കേപള്ളിയിലെ പുതിയ തർക്കങ്ങളെക്കുറിച്ചും മറ്റും. 102 ഇടവം 28-നു പരുമല സിമ്മനാരിയിൽ നിന്നും.

546. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു. ടി തീയതി.

547. പാറേട്ടു മാത്യൂസ് കത്തനാർക്കു. എം.ഡി. സിമ്മനാരി കാര്യങ്ങളെക്കുറിച്ചും മറ്റും. ടി തീയതി.

548. അഞ്ചൽ മത്തായി കത്തനാർക്കു. പുനലൂർ കിഴക്കേപള്ളിയെ സംബന്ധിച്ചുള്ള തർക്കങ്ങളെക്കുറിച്ചു കൊച്ചുമെത്രാച്ചനുമായിട്ടു വേണ്ടപ്പെട്ടവരുമൊന്നിച്ചു കാണണമെന്നും, അവിടത്തെ സംഗതികളെക്കുറിച്ചു നമുക്കു യാതൊന്നും അറിഞ്ഞുകൂടായെന്നും മറ്റും. ടി തീയതി.

549. ചെറുവത്തൂർ വറിയതു വറിയതിനു. ടിയാന്റെ മകന്റെ കല്യാണത്തിനു ആശീർവ്വാദങ്ങളും മറ്റും. ടി തീയതി. ടി സ്ഥലം.

550. വടക്കേപറമ്പിൽ ...

552. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കു. 102 തുലാം 3-നു പരുമല സിമ്മനാരിയിൽ നിന്നും.

553. ... യാക്കോബു കത്തനാർക്കു. ... എഴുതിയയച്ചു. ടി തീയതി.

554. പടിഞ്ഞാറെ മണലിൽ ഈശോ മത്തായിക്കു. ടി കാര്യങ്ങൾ.

555. പുലിക്കോട്ടിൽ ചുമ്മാരു മാത്തപ്പന്. വർത്തമാനങ്ങൾക്കും ...

556. ... കൊച്ചു ചാണ്ടപ്പിള്ള ചാണ്ടപ്പിള്ളയ്ക്കു. ...

102 ഇടവം 30-നു പകൽ 12 മണിക്ക് പരുമല സിമ്മനാരിയിൽ നിന്നു ... പുത്തൻകാവു പള്ളിയിൽ എത്തിച്ചേർന്നു.

557. ഇ. ജെ. ഫീലിപ്പോസ് വക്കീലിനു. മദ്രാസിനു വക്കീലിനെ ഏർപ്പെടുത്തുവാൻ പോകുന്നതിനെക്കുറിച്ചും മറ്റും. 102 ഇടവം 31-നു പുത്തങ്കാവു പള്ളിയിൽ നിന്നും.

558. കെ. സി. ഈപ്പൻ ബി.എ. യ്ക്കു. ടി ആവശ്യത്തിലേക്കുത്സാഹിക്കേണ്ടതിനു പണം കൊടുക്കേണ്ടതിനെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.


559. പാറേട്ടു മാത്യൂസ് കത്തനാർക്കു. എം.ഡി. സിമ്മനാരിയിലെ ഡ്രിൽ മാസ്റ്ററുടെ പോസ്റ്റ് ഒഴിവു വന്നിരിക്കുന്നതിനു മല്ലപ്പള്ളിക്കാരൻ കൈപ്പുരയ്ക്കൽ പോത്തനെ നിയമിക്കുന്നതിനെക്കുറിച്ചും മറ്റും.

560. മങ്ങരയിൽ ഗീവറുഗീസു കത്തനാർക്കു. ആനാരി പള്ളിക്കാരുടെ കാര്യത്തിനു പരുമല തിരികെയെത്തിയിട്ടു കല്പന അയക്കാമെന്നു. ടി തീയതി. ടി സ്ഥലം.

561. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

562. ബഥനി മെത്രാച്ചനു. ബഥനി പള്ളി ...

566. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. കേസിന്റെ കാര്യങ്ങളെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.



568. കൊച്ചുമെത്രാച്ചനു. മാക്കാംകുന്നേൽ നന്നൂക്കാട്ടുകാരെ അവിടത്തെ പള്ളികമ്മറ്റിയിൽ ചേർക്കാതിരുന്നതിനെപ്പറ്റി അവർ സങ്കടപ്പെട്ടുവെന്നും വിവരത്തിനു തെങ്ങുംതറയിൽ കത്തനാച്ചന്റെ പേർക്കു എഴുതിചോദിക്കാമെന്നു അവരോടു സമാധാനം പറഞ്ഞയച്ചുയെന്നും, ഇവിടത്തെ വഴക്കുകൾ ചിലതു തീർത്തു എന്നും മറ്റും. 102 മിഥുനം 6-നു പുത്തങ്കാവു പള്ളിയിൽ നിന്നും.

569. തെങ്ങുംതറയിൽ ഗീവർഗീസു കത്തനാർക്കു. ടി കാര്യങ്ങൾ. നന്നൂക്കാട്ടുകാരെ പള്ളിക്കമ്മറ്റിയിൽ ചേർക്കാതിരുന്നതു എന്തുകൊണ്ടാണെന്നു അറിയിക്കണമെന്നു. ടി തീയതി. ടി സ്ഥലം.

570. മട്ടയ്ക്കൽ മല്പാനു. ഇവിടത്തെ വഴക്കുകൾ ചിലതു തീർത്തതും, മറ്റു വർത്തമാനങ്ങളും.

571. കരവട്ടു കുഞ്ഞപ്പനു. പാത്രിയർക്കീസു വരുന്നു എന്നു കേട്ടതിനെക്കുറിച്ചും മറ്റും. ടി തീയതി.

572. കോട്ടക്കൽ പിള്ളക്കു. പെൺമക്കളുടെ വിവാഹത്തിനു മംഗളാശംസകൾ. ടി തീയതി. ടി സ്ഥലം.

573. മാന്തിളിർ പള്ളിക്കാർക്കു. ഇപ്പോൾ നിങ്ങൾ പള്ളിക്കാർ യോജിച്ചു പള്ളിയുടെ മുതൽപിടിയായ മാന്തളമുറിയിൽ വളിവിളയിൽ മുകടിയിൽ ഉമ്മച്ചനെ ...

576. ... വടക്കേടത്തു ഗീവറുഗീസു കത്തനാർക്കു. ടിയാൻ തെറപുഴ പള്ളിക്കാര്യം സമാധാനമായി തീർത്തതിനെക്കുറിച്ചും, ടിയാനെ മാത്രം സംബന്ധിച്ചുള്ള ചില സംഗതികളെക്കുറിച്ചും മറ്റും. 102 മിഥുനം 8-നു പരുമല സിമ്മനാരി.

577. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. കോട്ടഗിരിക്കു പോയ വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

578. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കും മറ്റും. 102 മിഥുനം 9-നു പരുമല സിമ്മനാരിയിൽ നിന്നും.

579. തെരുവത്തു മൂപ്പച്ചനു. നല്ല സുഖമില്ലാത്തതുകൊണ്ടും, തണുപ്പുകാറ്റുള്ളതുകൊണ്ടും, കുറച്ചു കഴിഞ്ഞിട്ടു അങ്ങോട്ടു വരുന്നതിനെപ്പറ്റി തീർച്ചപ്പെടുത്താമെന്നു. ടി തീയതി. ടി സ്ഥലം.

580. വൈശ്യംപറമ്പിൽ ചെറിയാൻ ജോസേപ്പിനു. പാഠപുസ്തക ... യെപ്പറ്റി പേരു നെറിയാക്കുന്നതിനു വേണ്ടി ... ടി തീയതി. ടി സ്ഥലം.

581. വടക്കേടത്തു ...

582. ചെറിയമഠത്തിൽ സ്കറിയാ മല്പാനു. ... പരുമല സിമ്മനാരിയിൽ നിന്നും.

583. മുറന്തൂക്കിൽ മാത്തു കത്തനാർക്കു. ടി കാര്യങ്ങൾ മുതലായവ. ടി തീയതി. ടി സ്ഥലം.

584. പുത്തൻകാവു പള്ളിക്കാർക്കു. പ്രിയരെ, 1102 മിഥുനം 5-ാം തീയതിയായ കഴിഞ്ഞ ഞായറാഴ്ച വി. കുർബാന സമയത്തു ആ പള്ളിയിൽ വിളിച്ചു പറഞ്ഞതനുസരിച്ചു അന്നു 2 മണിക്കു പള്ളി കൈസ്ഥാന യോഗവും, ഇടവക പള്ളിയോഗവും നമ്മുടെ മുമ്പാകെ പള്ളിയിൽ യോഗം കൂടി പള്ളിക്കാര്യാദികളുടെ നടത്തിപ്പിൽ ഉണ്ടായിട്ടുള്ള തർക്കവിഷയങ്ങളെക്കുറിച്ചു ആലോചിച്ചു പാസ്സാക്കിയതും നാം അനുവദിച്ചു ഏർപ്പെടുത്തിയതുമായ നിശ്ചയങ്ങൾ താഴെ എഴുതുന്നു.

1. പള്ളിവക സ്ഥലങ്ങൾ അടുത്തു കഴിഞ്ഞ ഏതാനും വർഷങ്ങൾ ഓരോ ആണ്ടിലും ലേലം പിടിച്ച ആളുകളുടെ പാട്ട സംഖ്യയിൽ നാലൊന്നു കെട്ടിവയ്പ്പിച്ചു ലേലം സ്ഥിരപ്പെടുത്തിയ ആളുകൾക്കു പാട്ടത്തിനേൽപിച്ചു പാട്ടച്ചീട്ടു വാങ്ങി നടത്തിച്ചു വരികയായിരുന്നു പതിവെങ്കിലും പാട്ടം പിരിക്കുന്നതിലും പിരിയുന്നതിലും ചില കുഴപ്പങ്ങളും പ്രയാസങ്ങളും നേരിടുന്നതായി കാണുകകൊണ്ടു ... സംഖ്യ മുഴുവനും മുമ്പേറായി കെട്ടിവയ്പ്പിച്ചു ലേലക്കാർക്കു വസ്തുക്കൾ കൊടുക്കുന്നതു കൊള്ളാമെന്നു കരുതി ഈയാണ്ടത്തെ ആണ്ടു കൈസ്ഥാനികൾ ആ വിധം നിവൃത്തിക്കുന്നതിനാരംഭിച്ചപ്പോൾ മുഴുവൻ സംഖ്യയും കെട്ടിവയ്ക്കുന്നതിനു എല്ലാവർക്കും പ്രയാസമാണെന്നും നാലൊന്നു കെട്ടിവയ്പ്പിച്ചാൽ മതിയാകുമെന്നും മറ്റും യോഗാംങ്ങളിൽ പല അഭിപ്രായങ്ങൾ ഉണ്ടായിരിക്കുന്നതിനാൽ മുഴുവൻ സംഖ്യയും പൂർണ്ണ മനസ്സോടെ കെട്ടിവച്ചു വസ്തുക്കൾ പാട്ടത്തിനേറ്റിരിക്കുന്നവർ ആ വിധം തന്നെ നടന്നുകൊള്ളുകയും ഇനി ഏല്പിക്കാനുള്ള വസ്തുക്കൾ ലേലം വിളിച്ചു നാലൊന്നു കെട്ടിവയ്പ്പിച്ചു ലേലക്കാരെ ഏല്പിച്ചു നടത്തിച്ചു കൊള്ളുകയും ചെയ്യണമെന്നും ഈ വിധം നടത്തുന്നതിൽ വല്ല കുഴപ്പമോ നഷ്ടമോ നേരിടുന്നതായാൽ ആ നഷ്ടത്തിനു പള്ളിയല്ലാതെ ആണ്ടുകൈസ്ഥാനികൾ നഷ്ടം വഹിപ്പാൻ ഇടയാകരുതെന്നും നിശ്ചയിച്ചു.

2. മേൽ വിവരിച്ചവിധം നടത്തുന്നതിനു ലേലം വിളിക്കുമ്പോൾ വല്ല കാരണത്താലും ലേലം വിളി കേൾക്കുന്നതിനു ആളുകൾ ഇല്ലാതെ വരികയോ വേറെ വല്ല കുഴപ്പങ്ങൾ നേരിടുകയോ ചെയ്യുന്നതായാൽ അതാതാണ്ടത്തെ ആണ്ടു കൈസ്ഥാനികൾ കഴിവുള്ളിടത്തോളം ... ആലോചനയോടും സമ്മതത്തോടും കൂടെ ചെയ്യേണ്ടതാണെന്നും എന്നാൽ മുമ്പു നടത്തിയ ആണ്ടു കൈസ്ഥാനികളും തങ്ങളുടെ സ്വന്ത അഭിപ്രായപ്രകാരം വിശേഷാൽ ചിലവുകൾ പലതും ചെയ്തിട്ടുള്ളതിനാലും ഇവരെല്ലാവരും ചെയ്യിച്ച വേലകളും ചെലവുകളും ആവശ്യപ്പെട്ടവയെന്നു പൊതുവെ സമ്മതമുള്ളതിനാലും ഇപ്പോൾ ആരംഭിച്ചിരിക്കുന്ന കുദ്ശ്ക്കുദിശായുടെ പണിയും കഴിയുന്നതും വേഗംതന്നെ തീർക്കേണ്ടതാണെന്നും, എന്നാൽ മേലാൽ എല്ലാ ആണ്ടു കൈസ്ഥാനികൾക്കും അവരവരുടെ ആണ്ടിൽ 94-ലെ ഉടമ്പടിയിൽ പറയുന്നപ്രകാരമുള്ള ചിലവുകൾ ചെയ്യുന്നതിനും വേലകൾ ചെയ്യിക്കുന്നതിനും പൂർണ്ണമായ സ്വാതന്ത്ര്യമുണ്ടായിരിക്കുമെങ്കിലും 200 രൂപായിൽ കവിഞ്ഞുവരുന്നതായ ഓരോ ചിലവുകളും വേലകളും കൈസ്ഥാനികൾ ... ചെയ്യാൻ അധികാരമുണ്ടായിരിക്കുന്നതും ആകുന്നു.

4. ... ആണ്ടു കൈസ്ഥാനികളും ... തീർത്തുവെങ്കിലും അതിന്റെ ... എന്നു 1927-നു കൊല്ലം 102 മിഥുനം 4-നു പരുമല സിമ്മനാരിയിൽ നിന്നും.

585. പുത്തൻപുരയ്ക്കൽ കൊച്ചുമാത്തച്ചനു. പള്ളിക്കുള്ള കല്പന അയച്ചിട്ടുണ്ടെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

586. മട്ടയ്ക്കൽ മല്പാനു. സഭാകാര്യങ്ങൾ, ... യതിനെക്കുറിച്ചു. 102 മിഥുനം 5-നു പരുമല സിമ്മനാരിയിൽ നിന്നും.

587. പാറേട്ടു മാത്യൂസ് കത്തനാർക്കു. എം.ഡി. സിമ്മനാരി സംഗതികൾക്ക് കമ്മിട്ടിയുടെ തീർച്ചപ്രകാരം ചെയ്യുന്നതിനു വിരോധമില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

588. വക്കീൽ ഫീലിപ്പോസിന്. വട്ടിപ്പണക്കേസിന്റെ കാര്യത്തെക്കുറിച്ച് മദ്രാസു വക്കീലിന്റെ കാര്യം നിങ്ങൾ തീർച്ചയാക്കുന്നതിനും, കോനാടൻ ... ചെയ്യിപ്പിക്കുന്നതിനും മറ്റും. 102 മിഥുനം 11-നു പരുമല സിമ്മനാരി.

589. പുലിക്കോട്ടു ശെമ്മാശനു. സമരിക്കേസു കഴിഞ്ഞിട്ടു സെമിനാരി പ്രസിൽ ജോലി ആരംഭിച്ചാൽ മതിയെന്നും, കുന്ദംകുളം തെക്കേക്കുരിശു പള്ളിയുടെ കാര്യം പട്ടക്കാരോടു എഴുതിചോദിച്ചിട്ടു ചെയ്യാമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

590. കാതോലിക്കാ ബാവായ്ക്കു. സഭാകാര്യങ്ങൾ, കേസുകൾ മുതലായ സംഗതികൾക്കു. 102 മിഥുനം 13-നു പരുമല സിമ്മനാരിയിൽ നിന്നും.

591. മട്ടയ്ക്കൽ മല്പാനു. ടി കാര്യങ്ങൾ. ടി തീയതി.

592. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. സഭാകാര്യങ്ങൾ മുതലായവകൾ. ടി തീയതി. ടി സ്ഥലം.

593. ... കൊച്ചീപ്പനു. ... ടി തീയതി. ടി സ്ഥലം.

594. ... തുമ്പമൺ ... കുഴപ്പങ്ങൾ ... നിങ്ങൾ നന്നാ വേണ്ടപോലെ ഉത്സാഹിച്ചുകൊള്ളണമെന്നും മറ്റും. 102 മിഥുനം 13-നു പരുമല സിമ്മനാരിയിൽ നിന്നും.

595. ആർത്താറ്റു കുന്നംകുളം ഇടവകയിൽപെട്ട തെക്കേകുരിശു പള്ളി ഇടവകക്കാർക്കു. പ്രിയരെ, ആ കുരിശുപള്ളി വരവു ചിലവുകളുടെ തിരട്ടും അതിന്റെ പണി സംബന്ധമായും മറ്റുമുള്ള റിപ്പോർട്ടും നിങ്ങളുടെ ഒരപേക്ഷയോടു കൂടി അയച്ചുതന്നതു വായിച്ചുകണ്ടതിൽ നാം വളരെ സന്തോഷിക്കയും പ്രാർത്ഥനകൊണ്ടും ദ്രവ്യംകൊണ്ടും വേറെ ഓരോവിധത്തിലും ആ പള്ളിയുടെ പണിക്കാര്യം ... ച്ചിട്ടുള്ളവരായ ഏവരെയും സർവ്വശക്തനായ ദൈവത്തിൽ നിന്നും അവർക്കു നല്ല പ്രതിഫലം നൽകുന്നതിനുവേണ്ടി ബലഹീനനായ നാം പ്രാർത്ഥിച്ചിടുന്നു. ആ പള്ളിയുടെ ഇപ്പോഴത്തെ കൈസ്ഥാനി അവിടെനിന്നും ... ദൂരത്തു താമസിക്കുന്നതുകൊണ്ടും ... പരിശ്രമങ്ങൾ ചെയ്യുന്നതിനു സാധിക്കാത്തതിനാൽ ടിയാനു പകരം കൈക്കാരനായി കോലാടി വടക്കൂറ്റു അയ്പു താവുവിനെ നിയമിച്ചു കല്പന അയക്കണമെന്നു നിങ്ങൾ അപേക്ഷിച്ചിട്ടുണ്ടല്ലോ. ഇപ്പോഴത്തെ കൈക്കാരനായ പനയ്ക്കൽ ചെറിയാക്കു കുര്യപ്പൻ പള്ളി സ്ഥലത്തു നിന്നും വളരെ അകലം താമസിക്കുന്നതുകൊണ്ടും മറ്റും പള്ളി കാര്യാദികൾ വേണ്ടവിധം അന്വേഷിക്കുന്നതിനു സൗകര്യമില്ലാത്തതിനാൽ വേറെ ഒരാളെ നിയമിക്കുന്നതു നല്ലതെന്നു നമുക്കും തോന്നുന്നു. എന്നാൽ നിങ്ങൾ നമ്മുടെ പേർക്കയച്ചിരുന്ന അപേക്ഷയിൽ ആ പള്ളി നടത്തിവരുന്ന പട്ടക്കാർ ചേർന്നു ഒപ്പിട്ടിട്ടുള്ളതായി കാണുന്നില്ല. അവരുടെ അഭിപ്രായം കൂടെ നമുക്കറിയേണ്ടതാകയാൽ ടി സംഗതിയെ സംബന്ധിച്ചു നിങ്ങൾ അവിടത്തെ പട്ടക്കാരുമായി ആലോചിച്ചു അവരുടെ അഭിപ്രായം കൂടെ നമുക്കു എഴുതി അയച്ചുതരണം. അതു നമുക്കു കിട്ടുമ്പോൾ വേണ്ടവിധം നാം കല്പന അയച്ചുതരുന്നതാണ്. എന്നു 102 മിഥുനം 13-നു പരുമല സിമ്മനാരിയിൽ നിന്നും.

596. കുന്ദംകുളം തെക്കേക്കുരിശു പള്ളി കൈക്കാരൻ പനയ്ക്കൽ ചെറിയാക്കു കുര്യപ്പനു. പ്രിയനെ, ആ കുരിശുപള്ളിയുടെ പണി വകയ്ക്കുള്ള വരവുചിലവുകളുടെ തിരട്ടും റിപ്പോർട്ടും അവിടെ വിളിച്ചുകൂട്ടിയ യോഗത്തിൽ നിന്നയച്ചു തന്നതു നമുക്കു കിട്ടി. ആ പള്ളിയുടെ പണി ഒരുവിധം ... തീർന്നു കൂദാശയും നടത്തുന്നതിനിടയായതിൽ നാം സന്തോഷിക്കുകയും, ദൈവത്തെ സ്തുതിക്കയും, ... ഉത്സാഹിച്ചവരായ ഏവരെയും നാം അഭിനന്ദിക്കയും ചെയ്യുന്നു. എന്നാൽ ടി യോഗം നമുക്കയച്ചുതന്ന അപേക്ഷയിൽ ആ പള്ളിയുടെ കൈസ്ഥാനക്കാരനായി നമ്മാൽ നിയമിക്കപ്പെട്ടു ആ ചുമതല വഹിച്ചുവരുന്ന പ്രിയൻ ഇപ്പോൾ ടി സ്ഥലത്തു നിന്നു കണ്ടകുന്നു നാടിക ദേശത്തേക്കു പോയി താമസിച്ചു വരുന്നതിനാൽ പള്ളിക്കു വേണ്ടപ്പെട്ട പരിശ്രമങ്ങൾ ചെയ്യുന്നതിനു സാധിക്കുന്നില്ലെന്നും പള്ളിവക ചിട്ടി വരവുചിലവുകളുടെ കണക്കു കേൾപ്പിക്കണമെന്നു യോഗം ആവശ്യപ്പെട്ടാറെ കേൾപ്പിക്കേണ്ടവരെ കേൾപ്പിച്ചോളാമെന്നും മറ്റും പ്രശംസയായി ഓരോ ഒഴികഴിവുകൾ പറകയാണു ചെയ്തതെന്നും അതിനാൽ കോലാടി വടക്കൂട്ടു അയ്പു താവുവിനെ കൈക്കാരനായി നിയമിച്ചു കല്പന അയക്കണമെന്നും മറ്റും അപേക്ഷിച്ചിരിക്കുന്ന വിവരം താനും

അറിഞ്ഞിരിക്കുമല്ലോ. നമുക്കു എല്ലായ്പ്പോഴും അവിടെയെത്തി കണക്കു കേൾക്കുന്നതിനോ, നിശ്ചയിക്കുന്നതിനോ സൗകര്യമില്ലെന്നും യോഗം ആവശ്യപ്പെടുമ്പോൾ കേൾപ്പിക്കേണ്ടതായിരുന്നുവെന്നും പൊതുജനത്തിന്റെ ... സഹായങ്ങൾക്കു അതു വളരെ ഉതകുമെന്നും ... കഴിഞ്ഞ സംഗതി എങ്ങനെയിരുന്നാലും തന്റെ ഇപ്പോഴത്തെ താമസം പള്ളിസ്ഥലത്തു നിന്നു വളരെ ദൂരമാകയാൽ പള്ളിക്കു വേണ്ടപ്പെട്ട പരിശ്രമങ്ങൾ ചെയ്യുന്നതിനു സൗകര്യമില്ലാത്തതുകൊണ്ടു സൗകര്യമുള്ള വേറൊരാളെ കൈക്കാരനായി നിയമിക്കുന്നതു നന്നായിരിക്കുമെന്നു നമുക്കും തോന്നുന്നുണ്ടു. യോഗത്തിന്റെ അപേക്ഷയോടുകൂടെ പട്ടക്കാരുടെ അപേക്ഷയും, അഭിപ്രായവുമില്ലാത്തതിനാൽ അതു അയച്ചുതരണമെന്നു നാം കല്പന അയക്കുന്നുണ്ടു. അതു വന്നു ചേർന്നാലുടൻ അതിനെ സംബന്ധിച്ചു തീരുമാനമായ കല്പന നാം ആലോചിച്ചെഴുതി അയക്കുന്നതാണെന്നുള്ള വിവരം ഈ കല്പന മൂലം തന്നെയും നാം അറിയിച്ചുകൊള്ളുന്നു. തനിക്കു സൗകര്യമില്ലാതിരിക്കുന്ന സ്ഥിതിക്ക് വേറൊരാളിനെ നിയമിക്കുന്നതായാൽ അതു തനിക്കും സന്തോഷവും തൃപ്തിയും ആയിരിക്കുമെന്നു വിശ്വസിക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ ... എന്നു 102 മിഥുനം 13-നു പരുമല സിമ്മനാരിയിൽ നിന്നും.

597. തയ്യിൽ കൊച്ചീപ്പച്ചനു. അയച്ചുതന്ന പറ്റുവരവു കണക്കു കിട്ടി. റിവ്യൂ കേസിന്റെ കാര്യം ഉടൻ തുടങ്ങണമെന്നും വർത്തമാനങ്ങൾക്കും. 102 മിഥുനം 14-നു പരുമല സിമ്മനാരിയിൽ നിന്നും.

598. ... ഗീവറുഗീസു ഐപ്പിനു. ... ഫീസു മുഴുവൻ തരുവാൻ പ്രയാസമാകയാൽ പകുതി മൂന്നു തവണയായി 37 രൂപാ അയച്ചുതരാമെന്നും മറ്റും. 102 മിഥുനം 14-നു പരുമല സിമ്മനാരിയിൽ നിന്നും.

599. പരുത്തിമൂട്ടിൽ ചാക്കോ മൂപ്പിലേക്കു. മക്കളിൽ മൂത്തവനു പട്ടം കിട്ടിയതിനും ... പഠിക്കുന്നതിലും സന്തോഷിക്കുന്നുയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

600. മങ്കുഴിയിൽ ഗീവറുഗീസു കത്തനാർക്കു. ആനാരി പള്ളിക്കാർക്കു കല്പന അയക്കുന്നു ... ചേരണം എന്നും മറ്റും. ടി തീയതി.

601. ആനാരി പള്ളിക്കാർക്കു. നിങ്ങളിൽ ആനാരി മുറിക്കാരും ... മുറിക്കാരും തമ്മിലുള്ള ചില അഭിപ്രായഭേദങ്ങൾ നിമിത്തം ആ പള്ളിയിൽ വി. കുർബ്ബാന കുറെനാളുകളായി ക്രമമായി നടന്നുവരുന്നില്ലെന്നും മറ്റും അറിയുന്നു. ... അഭിപ്രായഭേദങ്ങൾക്കും കുഴപ്പങ്ങൾക്കും ഒരു പരിഹാരമുണ്ടാക്കേണ്ടതു അത്യാവശ്യമാകയാൽ നിങ്ങൾ പള്ളിക്കാരിൽ പ്രധാനികളായി രണ്ടു മുറിയിലുമുള്ള ഏതാനും ആളുകൾ അടുത്തയാഴ്ചയിൽ നിങ്ങൾക്കു സൗകര്യമുള്ള ഏതെങ്കിലും ഒരു ദിവസം നിശ്ചയിച്ചു അന്നേ ദിവസം ഇവിടെ നമ്മുടെ അടുക്കൽ വന്നുചേരണം. ഈ വിവരം നമ്മുടെ മങ്കുഴിയിൽ മൂപ്പൻ കത്തനാരെയും കാഞ്ഞിരംപറമ്പിൽ സ്കറിയാ കത്തനാരെയും അറിയിച്ചു അവരെയും കൂടി കൊണ്ടുപോരികയും വേണം. ശേഷം കാര്യങ്ങൾ ഇവിടെ വരുമ്പോൾ പ്രസ്താവിച്ചുകൊള്ളാം. എന്നു 102 മിഥുനം 14-നു പരുമല സിമ്മനാരിയിൽ നിന്നും.

602. മട്ടയ്ക്കൽ മല്പാനു. പഴയസിമ്മനാരിയിലെ പ്രസ്സിൽ പുലിക്കോട്ടു ശെമ്മാശൻ മാസിക തുടങ്ങുന്നതിനെപ്പറ്റിയുള്ള അഭിപ്രായവും മറ്റു വർത്തമാനങ്ങളും. 102 മിഥുനം 16-നു പരുമല സിമ്മനാരിയിൽ നിന്നും.

603. പുലിക്കോട്ടു ശെമ്മാശനു. സുറിയാനി പഠിത്തം ഉടൻ നടത്തുന്നതിനും, പിന്നീടു പല പ്രവർത്തനത്തിനു ആരംഭിക്കയോ ഉചിതംപോലെ ചെയ്യാമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

604. ചീരാമ്യാലിൽ ഗീവറുഗീസ് കത്തനാർക്കു. ... വർത്തമാനങ്ങൾക്കും മറ്റും. ടി സ്ഥലം.

605. പുത്തൻപുരയ്ക്കൽ കോശി കത്തനാർക്കു. ... ല്ലെന്നും അഥവാ ശ്രമിച്ചാലും താനും നമുക്കുള്ളവരും ധൈര്യമായിരുന്നാൽ യാതൊരു വിഷമവും ... യാക്കോബു ക്ലേറി ധൈര്യമായി നിന്നില്ലെങ്കിൽ ... പുനപ്രവേശനത്തെ തടയാമെന്നും മറ്റും. 102 മിഥുനം 16-നു പരുമല സിമ്മനാരി.

606. ചക്കിട്ടടത്തു തോമസു കത്തനാർക്കു. തുമ്പമൺ സ്കൂളിനെ സംബന്ധിച്ചു കൊച്ചുമ്മൻ വക്കീൽ തൻകാര്യമായി തുടങ്ങുന്നതുകൊണ്ടു അതിൽ പ്രവേശിപ്പാൻ ഇഷ്ടപ്പെടുന്നില്ലെന്നും മറ്റും.

607. തെങ്ങുംതറയിൽ ഗീവറുഗീസു കത്തനാർക്കു. മാക്കാംകുന്നു നന്നൂക്കാട്ടുകാരെ സംബന്ധിച്ച ... നെക്കുറിച്ചും, മറ്റു സഭാകാര്യങ്ങളും, ടി തീയതി. ടി സ്ഥലം.

608. പറപ്പിള്ളിൽ കുഞ്ഞവിരായ്ക്കു. ഉദ്ദേശിച്ചിരിക്കുന്ന പള്ളിസ്ഥലത്തിന്റെ ആധാരത്തെപ്പറ്റി ഉടൻ അറിയിക്കണമെന്നു.

609. ക്ലർക്ക് കെ. സി. മാത്യുവിന്. കേസുകളെപ്പറ്റി അറിയിക്കണമെന്നു. ടി തീയതി. ടി സ്ഥലം.

610. മട്ടയ്ക്കൽ മല്പാനു. കായൽ കാര്യത്തെക്കുറിച്ച്. 102 മിഥുനം 17-നു പരുമല സിമ്മനാരി.

611. പാറേട്ടച്ചനു. കാപ്പിക്കടവിൽ വട്ടക്കുന്നേൽ കുര്യന്റെ ഒരു അപേക്ഷ ഇതു സഹിതം അയക്കുന്നു. നിങ്ങൾ ആലോചിച്ചു നിങ്ങളുടെ ... കരുണയായി പ്രവൃത്തിച്ചാൽ കൊള്ളാമെന്നു.

612. കാപ്പിക്കടവിൽ വട്ടക്കുന്നേൽ കുര്യൻ കുര്യനു. എം.ഡി. സിമ്മനാരി വക നിലം ടിയാൻ പാട്ടത്തിനേറ്റിരിക്കുന്നതിനെക്കുറിച്ച് പാറേട്ടു കത്തനാച്ചനും ഹെഡ്മാസ്റ്ററും കൂടി തീരുമാനിച്ചു ആവശ്യപ്പെടുന്നതുപോലെ എല്ലാം സമ്മതിച്ചുകൊള്ളണം. അവർ കഴിവുപോലെ കരുണയായി പ്രവൃത്തിക്കാതിരിക്കയില്ല. ന്യായക്കേടായി നമുക്കൊന്നും പറവാനോ പ്രവൃത്തിക്കാനോ പാടില്ലെന്നും മറ്റും. 102 മിഥുനം 17-നു.

613. തുമ്പമൺ പള്ളിയിലെ കശീശന്മാർക്കും വടക്കേടത്തു ചെറിയാൻ തോമ്മസു മുതൽപേർക്കും. നിങ്ങളുടെ അപേക്ഷയിൽ തുമ്പമൺ സ്കൂളിനെപ്പറ്റി പറഞ്ഞിരിക്കുന്ന കാര്യം നിങ്ങൾ പലപ്പോഴും പറഞ്ഞും എഴുതിയും നമുക്കറിവുണ്ടെന്നും ... കുഴപ്പം, നിങ്ങളുടെ ആഗ്രഹം ഇവ നിങ്ങൾ അറിയിക്കുന്നുണ്ടെങ്കിലും അതുകൾക്കു നാം എന്താണു നിവൃത്തി ഉണ്ടാക്കേണ്ടതു, എന്താണു ചെയ്യേണ്ടതെന്നുള്ളതിനെപ്പറ്റി നിങ്ങൾ ... നിങ്ങൾ അറിയിച്ചാൽ നമ്മാൽ സാധിക്കുന്നതാണെങ്കിൽ ആ വിധത്തിൽ നാം ചെയ്യുന്നതാണെന്നും ... എന്നും മറ്റും. 102 മിഥുനം 17-നു പരുമല സിമ്മനാരി.

614. തേവർവേലിൽ യൗസേപ്പു ശെമ്മാശനു. ചില അത്യാവശ്യ കാര്യങ്ങൾ തന്നെ കണ്ടു പറയാനുള്ളതിനാൽ ഇത്രടം വന്നുപോകണമെന്നു. 102 മിഥുനം 20-നു പരുമല സിമ്മനാരി.

615. മട്ടയ്ക്കൽ മല്പാനു. സഭാ സംബന്ധമായ വർത്തമാനങ്ങൾ, സമരിക്കേസു, കായൽകാര്യം, പുലിക്കോട്ടിൽ ശെമ്മാശന്റെ കാഹളത്തെപ്പറ്റിയും മറ്റും. 102 മിഥുനം 21-നു പരുമല സിമ്മനാരി.

616. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും, കേസിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

617. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. കേസിന്റെ കാര്യത്തെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

618. തയ്യിൽ കൊച്ചീപ്പച്ചനു. ടി കാര്യങ്ങൾ.

619. എറികാട്ടു കൊച്ചുകുഞ്ചപ്പനു. ...

620. ചേലക്കര പള്ളി കൈക്കാരൻ പാലിക്കത്തു കുരിയതിനു. ആ പള്ളി നടത്തുന്നതിനായി കുന്ദംകുളങ്ങരയുള്ള നമ്മുടെ പട്ടക്കാരുമായി നിങ്ങൾ കൂടി ആലോചിച്ചു അവരുടെ സൗകര്യവും അഭിപ്രായവും അറിയിക്കുക. പട്ടക്കാരുടെ പേർക്കു നാം ഇന്നു കല്പന അയക്കുന്നുണ്ടു. അവരെക്കൊണ്ടു സാധിക്കാത്തപക്ഷം പഴഞ്ഞിയിലുള്ള നമ്മുടെ പട്ടക്കാരെപ്പറ്റിയും അന്വേഷിക്ക എന്നും മറ്റും. 102 മിഥുനം 22-നു പരുമല.

621. തെക്കേക്കര കുറിയാക്കോസു കത്തനാർക്കു. തെക്കേക്കുരിശു പള്ളിയിലെ ഇപ്പോഴത്തെ കൈക്കാരനെ മാറ്റി പകരം ആളെ നിയമിക്കുന്നതിനു ടി പള്ളിക്കാരുടെ ഹർജി നമുക്കു വന്നു. എന്നാൽ നിങ്ങൾ പട്ടക്കാരുടെ അഭിപ്രായം ഒന്നും അറികയോ നിങ്ങൾ അപേക്ഷയിൽ ഒപ്പിടുകയോ ചെയ്തിട്ടില്ലാത്തതിനാൽ അതിൽ നിങ്ങൾക്കുള്ള അഭിപ്രായം അറിയിച്ചാൽ കല്പന അയച്ചുകൊള്ളാമെന്നും, ചേലക്കരപള്ളി നിങ്ങൾ ഉപേക്ഷിച്ചതു നന്നായില്ല. ഇപ്പോൾ അവിടെ നടത്തുന്ന ... ഗീവറുഗീസു കത്തനാരും ... ത്തുന്നതിനു കഴിവുണ്ടെങ്കിൽ നന്നായിരിക്കുമെന്നും, അതിൽ നിങ്ങളുടെ കഴിവും, അഭിപ്രായവും പറഞ്ഞു പ്രധാനികളുമായിക്കൂടി സംസാരിച്ചു അറിയിച്ചുതരണമെന്നും ടി ഗീവറുഗീസ് കത്തനാരുടെ ... മെന്നും മറ്റും. ആ പള്ളി കൈക്കാരന്റെ ഒപ്പും കിട്ടിയിട്ടില്ല. 102 മിഥുനം 22-നു പരുമല സിമ്മനാരിയിൽ നിന്നും.

622. പി. പി. തൊമ്മൻ മാസ്റ്റർക്ക്. സഭാ സംബന്ധമായും, കേസു സംബന്ധമായും മറ്റുമുള്ള വർത്തമാനങ്ങൾ. 102 മിഥുനം 23-നു പരുമല സിമ്മനാരി.

(തുടരും)


ലേഖനം

മലങ്കരസഭാ ഭരണഘടനാ ശില്പികൾ

ജോയ്സ് തോട്ടയ്ക്കാട്

പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, പാറേട്ട് മാത്യൂസ് കത്തനാർ, ഫാ. റ്റി. വി. ജോൺ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, ഇ. ജെ. ജോൺ, കെ. സി. മാമ്മൻ മാപ്പിള, എ. എം. വർക്കി, സി. പി. തരകൻ, റ്റി. ജോസഫ്, പത്രോസ് മത്തായി, ജേക്കബ് കുര്യൻ, കെ. റ്റി. മാത്യു, പി. റ്റി. ഈപ്പൻ, ഇ. ജെ. ഫിലിപ്പോസ്, ഡോ. സി. റ്റി. ഈപ്പൻ (പിന്നീട് വൈദികനായി), റാവു സാഹിബ് ഒ. എം. ചെറിയാൻ (കൺവീനർ) എന്നിവരായിരുന്നു 1930 സെപ്റ്റംബർ 4-ന് പഴയസെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഭരണഘടന തയ്യാറാക്കുവാൻ നിയമിച്ച കമ്മിറ്റി അംഗങ്ങൾ. അവരുടെ ജീവിതരേഖകളാണ് താഴെ പങ്കുവയ്ക്കുന്നത്.

പൂതക്കുഴിയിൽ പി. റ്റി. അബ്രഹാം കത്തനാർ (1875-1944)




1874 ഡിസംബർ 25-നു തുമ്പമൺ പള്ളി ഇടവകയിൽ പി. റ്റി. തോമസ് കത്തനാരുടെയും ആണ്ടമ്മയുടെയും പുത്രനായി ജനിച്ചു. 1886 മുതൽ പരുമല സെമിനാരിയിൽ പ. പരുമല തിരുമേനിയുടെയും വട്ടശേരിൽ ഗീവർഗീസ് മല്പാന്റെയും ശിഷ്യനായി വൈദിക പരിശീലനം നേടി. 1894 ഡിസംബർ 14-നു പ. പരുമല തിരുമേനി ശെമ്മാശ പട്ടം നൽകി. തുടർന്ന് പരുമല തിരുമേനിയുടെ സെക്രട്ടറി ആയി പ്രവർത്തിച്ചു. 1901 ഫെബ്രുവരി 23-ന് പ. പരുമല തിരുമേനി കത്തനാരു പട്ടം കൊടുത്തു. 1901-1944 കാലത്ത് തിരുവനന്തപുരം സെന്റ് ജോർജ് പള്ളിയുടെ വികാരിയായി സ്തുത്യർഹമായി സേവനം ചെയ്തു. തിരുവിതാംകൂർ രാജകുടുംബവുമായി സഭാനേതൃത്വത്തെ ബന്ധിപ്പിച്ചു നിർത്തിയ പ്രധാന കണ്ണി ആയിരുന്നു അച്ചൻ.

വട്ടശ്ശേരിൽ തിരുമേനിയുടെ വിശ്വസ്തനും കാനോൻ വിദഗ്ദ്ധനുമായിരുന്നു. സഭാക്കേസുകൾ തിരുവനന്തപുരത്ത് നടന്ന സമയത്ത് കേസു നടത്തിപ്പിനായി അക്ഷീണ പരിശ്രമം നടത്തി. വട്ടശ്ശേരിൽ തിരുമേനിയുടെ നിലപാടുകളെ വിമർശിച്ച 'സുറിയാനി സഭ' മാസികയ്ക്കെതിരെ 'കാതോലിക് സഭ' എന്ന മാസിക ആരംഭിച്ചു നടത്തി. ഭരണഘടനാ ഡ്രാഫ്റ്റ് കമ്മിറ്റിയംഗം എന്ന നിലയിൽ എപ്പിസ്ക്കോപ്പസിക്ക് മുൻതൂക്കം കിട്ടുവാൻ പരിശ്രമിച്ചു. 1923-ൽ വട്ടശ്ശേരിൽ തിരുമേനി സഭാ സമാധാന പരിശ്രമങ്ങൾക്കായി മർദീനിലേക്കു നടത്തിയ അതി ക്ലേശകരമായ യാത്രയിൽ ഒപ്പമുണ്ടായിരുന്നു. 1920-1930 കളിലെ സഭാപ്രസിദ്ധീകരണങ്ങളിൽ നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. 1930-44 കാലത്ത് സഭാ മാനേജിംഗ് കമ്മിറ്റിയംഗമായിരുന്നു. 1934-ൽ രൂപീകരിച്ച പ്രഥമ വർക്കിംഗ് കമ്മിറ്റിയംഗമായി പ്രവർത്തിച്ചു (1934-44). ഗീവർഗീസ് മാർ ഈവാനിയോസ് കത്തോലിക്കാസഭയിൽ ചേർന്ന 1930-കളിൽ 'റോമ്മാ സഭയും റീത്തുകളും' എന്ന ഗ്രന്ഥം രചിച്ചു. 1931-ൽ നടന്ന മൂറോൻ കൂദാശയുടെ പ്രധാന ചുമതല വഹിച്ചു. 1941-ൽ തന്റെ ജന്മഗ്രാമം ആയ തട്ടയിൽ സെന്റ് ജോർജ് പള്ളി സ്ഥാപനം നടത്തി.

സഭാകേസിൽ കാനോൻ വിദഗ്ദ്ധൻ എന്ന നിലയിൽ മൊഴി കൊടുത്തു കൊണ്ടിരിക്കെ കോടതിമുറിയിൽ വച്ച് പക്ഷാഘാതം ഉണ്ടായി. രോഗിയായി കുറച്ചുനാൾ കിടന്നശേഷം തിരുവനന്തപുരത്തു വച്ച് 1944 ജൂൺ 2-നു 69-ാമത്തെ വയസ്സിൽ അന്തരിച്ചു. ഭൗതികദേഹം തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രലിൽ പ. ഗീവർഗീസ് രണ്ടാമൻ ബാവാ, പുത്തൻകാവിൽ കൊച്ചു തിരുമേനി തുടങ്ങിയ പിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ കബറടക്കി.


മക്കൾ: ഒരാണും (സെക്രട്ടറിയേറ്റിൽ ഡപ്യൂട്ടി സെക്രട്ടറി ആയിരുന്നു) നാല് പെണ്ണും.



പാറേട്ട് മാത്യൂസ് കത്തനാർ (മാത്യൂസ് മാർ ഈവാനിയോസ്: 1889-1980)

പുതുപ്പള്ളി സെന്റ് ജോർജ്ജ് വലിയ പള്ളി ഇടവകാംഗമായ വല്യപാറേട്ട് മാത്യുവിന്റെയും അച്ചാമ്മയുടെയും പുത്രനായി 1889 ജനുവരി 19-ന് ജനിച്ചു. കോട്ടയം എം.ഡി. സെമിനാരിയിൽ സ്കൂൾ വിദ്യാഭ്യാസവും പഴയ സെമിനാരിയിലും കൽക്കട്ട ബിഷപ്സ് കോളജിലും വൈദിക വിദ്യാഭ്യാസവും പൂർത്തിയാക്കി. 1899 ജൂൺ 7-ന് പുതുപ്പള്ളി വലിയ പള്ളിയിൽവച്ച് കടവിൽ പൗലോസ് മാർ അത്താനാസ്യോസ് കോറൂയോ സ്ഥാനവും 1908 മെയ് 17-ന് യെരുശലേം സെഹിയോൻ മാളികയിൽ വച്ച് യെരുശലേം പാത്രിയർക്കീസ് മ്ശംശോനോ പട്ടവും നൽകി. വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാൻ മേൽപ്പട്ടസ്ഥാനം ഏൽക്കാൻ യെരുശലേമിൽ പോയപ്പോഴാണ് അദ്ദേഹത്തെ അനുഗമിച്ചിരുന്ന ശെമ്മാശ്ശന് മ്ശംശോനോ സ്ഥാനം നൽകിയത്. 1920 ജൂൺ 7-ന് പരുമല സെമിനാരിയിൽവച്ച് വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് കശീശാ സ്ഥാനം നൽകി. പുതുപ്പള്ളി വലിയപള്ളി വികാരിയായി 33 വർഷം സേവനമനുഷ്ഠിച്ചു.

അബ്ദുള്ളായുടെ മുടക്ക്, റീത്ത് പ്രസ്ഥാന സ്ഥാപനം മുതലായ സഭയിലെ പ്രശ്നകലുഷിതമായ കാലത്ത് വട്ടശ്ശേരിൽ മെത്രാപ്പോലീത്തായുടെ വലംകൈയായി നിന്നു പ്രവർത്തിച്ചു. രണ്ടു പ്രാവശ്യം മേല്പട്ടസ്ഥാനത്തേക്കു തിരഞ്ഞെടുത്തെങ്കിലും സ്ഥാനമേൽക്കാൻ വിസമ്മതിച്ചു. 1953 മെയ് 11-ന് പ. ഗീവർഗീസ് രണ്ടാമൻ ബാവാ റമ്പാൻ സ്ഥാനം നൽകി. 1953 മെയ് 15-ന് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ കോട്ടയം ഏലിയാ ചാപ്പലിൽ വച്ച് എപ്പിസ്കോപ്പായായി വാഴിച്ച് കോട്ടയം ഇടവകയുടെ സഹായമെത്രാനായി നിയമിച്ചു. 1965 മുതൽ കോട്ടയം ഇടവകയുടെ മെത്രാപ്പോലീത്തായായി പ്രവർത്തിച്ചു (1965-1980). കോട്ടയം ബസേലിയോസ് കോളജ്, പാമ്പാടി എം.ജി.എം. അഭയഭവൻ മുതലായവയുടെ സ്ഥാപനത്തിന് നേതൃത്വം നൽകി. 1980 ആഗസ്റ്റ് 31-ന് കാലം ചെയ്തു. പാമ്പാടി കുറിയാക്കോസ് ദയറായിൽ കബറടക്കി.



ഫാ. ടി. വി. ജോൺ (1890-1970)

കറുകച്ചാൽ പനയമ്പാല കല്ലക്കടമ്പിൽ തെക്കേക്കര വറുഗീസിന്റെയും അമയന്നൂർ തിരുവാതുക്കൽ മറിയാമ്മയുടെയും പുത്രനായി 1890 ഫെബ്രുവരി 11-നു ജനിച്ചു. മല്ലപ്പള്ളി സ്കൂളിലെ പഠനശേഷം എം. ഡി. സെമിനാരി ഹൈസ്കൂളിൽ ചേർന്നു. ക്ലാസ്സിൽ ഒന്നാമനായി മെട്രിക്കുലേഷൻ പാസ്സായി. ഹെഡ്മാസ്റ്ററായിരുന്ന ഫാ. പി. റ്റി. ഗീവർഗീസ്, ജോണിനെ വട്ടശ്ശേരിൽ തിരുമേനിക്കു പരിചയപ്പെടുത്തി. 1910-ൽ അബ്ദുള്ളാ ബാവാ ശെമ്മാശ പട്ടം നൽകി.

മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നും പണം മുടക്കി ജോൺ ശെമ്മാശനെ ഉന്നതപഠനത്തിനയച്ചു. 1914-ൽ തിരുച്ചിറപ്പള്ളിയിലെ എസ്.പി.ജി. കോളജിൽ നിന്നും ബി.എ. ബിരുദം നേടി. തുടർന്ന് കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിൽ അദ്ധ്യാപകനായി രണ്ടു വർഷം പ്രവർത്തിച്ചു. 1919-ൽ മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്നും എം.എ. ലഭിച്ചു. 1921-ൽ എൽ.റ്റി. ബിരുദം നേടി.


ഗുണ്ടൂരിലെ ആന്ധ്രാ ക്രിസ്ത്യൻ കോളജിലും മസൂലിപട്ടം നോബിൾ കോളജിലും അദ്ധ്യാപകനായി ജോലി ചെയ്തു. ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജ് സ്ഥാപകൻ കെ. സി. ചാക്കോയുടെ ആഗ്രഹപ്രകാരം ഗുണ്ടൂർ കോളജിലെ ജോലി ഉപേക്ഷിച്ച് 1925-ൽ ആലുവാ യു.സി. കോളജിൽ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകനായി. സഭയിൽ നിന്നു പഠനത്തിനു ചിലവാക്കിയ പണം മുഴുവനും തിരിച്ചുകൊടുത്ത ശേഷം 1925-ൽ വാളക്കുഴി വാളുവേലിൽ അന്നമ്മയെ വിവാഹം ചെയ്തു. 1927 സെപ്റ്റംബർ 25-നു പ. ഗീവർഗീസ് പ്രഥമൻ കാതോലിക്കാ വൈദികപട്ടം നൽകി. 1946-ൽ മലങ്കരസഭ മാസിക ആരംഭിക്കുവാൻ അന്നത്തെ മലങ്കരസഭാ അസോസിയേഷൻ സെക്രട്ടറിയും ആലുവാ യു.സി. കോളജ് പ്രിൻസിപ്പലുമായിരുന്ന എ. എം. വർക്കിയുമൊത്തു പ്രവർത്തിച്ചു. 1948-ൽ റിട്ടയർ ചെയ്തു. ആലുവാ സെന്റ് തോമസ് ഇടവക സ്ഥാപിക്കുന്നതിൽ മുഖ്യപങ്കു വഹിച്ചു. പ്രഥമ വികാരിയായി സേവനമനുഷ്ഠിച്ചു.

അലഞ്ഞുതിരിഞ്ഞു നടന്നിരുന്ന തന്നെ, തിരുവനന്തപുരത്തു നിന്നും പരിചയപ്പെട്ട് വിളിച്ചു വീട്ടിൽ കൊണ്ടുപോയി താമസിപ്പിച്ച്, ആലുവാ യു.സി. കോളജിൽ അഡ്മിഷൻ വാങ്ങി നൽകി ഫിലോസഫി ക്ലാസ്സിൽ ചേർക്കുകയും ഹൈന്ദവ സന്യാസിയാകാൻ പ്രേരിപ്പിക്കുകയും ചെയ്തത് ജോണച്ചനാണെന്ന് ഗുരു നിത്യചൈതന്യയതി നന്ദിപൂർവ്വം അനുസ്മരിച്ചിട്ടുണ്ട്. 1933-34 കാലത്ത് ഇംഗ്ലണ്ടിൽ താമസിച്ച് പഠനം നടത്തി. തുടർന്ന് പാരീസ്, പലസ്തീൻ, റോം തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച ശേഷം മടങ്ങി.

അഞ്ചു പുത്രന്മാരും മൂന്നു പുത്രിമാരും. മകൻ ഡോ. അലക്സാണ്ടർ ജോൺ പിതാവിനെക്കുറിച്ചു 'ആലുവായിലെ ജോണച്ചൻ' എന്ന ഗ്രന്ഥം എഴുതിയിട്ടുണ്ട് (ആലുവ, 2020). 1957 മാർച്ച് 17-നു മലങ്കര കത്തോലിക്കാ സഭയിൽ ചേർന്നു. 1970 ജൂലൈ 20-നു അന്തരിച്ചു. ആലുവാ സെന്റ് ജോൺസ് മലങ്കര കത്തോലിക്കാ പള്ളിയിൽ സംസ്കരിച്ചു.


ചെറിയമഠത്തിൽ സി. ജെ. സ്കറിയാ മല്പാൻ (1894-1952)

കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി മല്പാനും പ്രിൻസിപ്പലുമായിരുന്നു. ചെറിയമഠത്തിൽ വലിയ യാക്കോബു കത്തനാരുടെ പുത്രനായി 1894-ൽ (1069 മിഥുനം 12) ജനിച്ചു. കോട്ടയം എം.ഡി. സെമിനാരിയിലെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 1914-ൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന് ശെമ്മാശ പട്ടം സ്വീകരിച്ചു. തുടർന്ന് സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ (കൽക്കട്ട) ചേർന്ന് വേദശാസ്ത്രപഠനം പൂർത്തിയാക്കി. 1919-ൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അദ്ദേഹത്തിന് കശീശ്ശാ സ്ഥാനം നൽകുകയും പഴയസെമിനാരിയിൽ അദ്ധ്യാപകനായി നിയമിക്കുകയും ചെയ്തു. സമുദായക്കേസുകൾ മൂലം സെമിനാരി അടച്ചിടപ്പെട്ട കാലത്ത് സ്കറിയാ മല്പാൻ മാങ്ങാനം എബനേസർ ദയറാ സ്ഥാപിച്ച് അവിടെ താമസിച്ചു. 1923-ൽ വട്ടശ്ശേരിൽ തിരുമേനിയോടൊപ്പവും 1934-ൽ പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായോടൊപ്പവും ദമാസ്ക്കസും വിശുദ്ധ നാടുകളും സന്ദർശിച്ചു. 1924-25 വർഷങ്ങളിൽ ബ്രഹ്മവാർ മിഷൻ പ്രവർത്തനങ്ങളിൽ മുഴുകി. വൈദിക സെമിനാരി പുനരാരംഭിച്ചപ്പോൾ അവിടെ അദ്ധ്യാപനവൃത്തി തുടർന്നു. 1943-47 കാലഘട്ടത്തിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. സെമിനാരിയിൽ നിന്ന് വിരമിച്ചശേഷം



മദ്രാസിലും തിരുവനന്തപുരം സെന്റ് ജോർജ് ഇടവകയിലും സേവനമനുഷ്ഠിച്ചു. 1952 മെയ് 11-ന് (1127 മേടം 29) തിരുവനന്തപുരത്തു വച്ച് അന്തരിച്ചു. ഭൗതികദേഹം വാഴൂർ സെന്റ് പീറ്റേഴ്സ് പള്ളിയിൽ കബറടക്കി. ഉത്തമനായ ഒരു ദയറാക്കാരൻ, സുറിയാനി ഭാഷാ പ്രവീണൻ, ശ്രേഷ്ഠാദ്ധ്യാപകൻ, ജനഹൃദയം കവർന്ന അജപാലകൻ, കൃത്യനിഷ്ഠയും സത്യസന്ധതയും തികഞ്ഞ ഒരു കർമ്മയോഗി ഇതെല്ലാമായിരുന്നു അദ്ദേഹം.

അഡ്വ. ഇ. ജെ. ജോൺ (1863-1942)



നിരണം ഇലഞ്ഞിക്കൽ ചാക്കോയുടെയും കോട്ടയം കുന്നുംപുറത്തു പ്രശസ്തനായ കുര്യൻ റൈട്ടറുടെ സഹോദരി മറിയാമ്മയുടെയും പുത്രനായി 1863-ൽ ജനിച്ചു. കോട്ടയം അക്കര കുര്യൻ റൈട്ടറുടെ സഹോദരിയാണ് മാതാവ്. മേപ്രാൽ പുതികോട്ട് കുരുവിളയുടെ പുത്രി അന്നാമ്മയാണ് ഭാര്യ. തിരുവിതാംകൂർ - കൊച്ചി ക്രൈസ്തവ സുറിയാനി മഹാജനസഭയുടെയും പൗരസമത്വവാദ ലീഗിന്റെയും സ്ഥാപകൻ. തിരുവനന്തപുരം ബാറിലെ പ്രമുഖ അഭിഭാഷകനായിരുന്നു. പിന്നീട് തിരുവനന്തപുരം ലോ കോളജിന്റെ പ്രിൻസിപ്പലായി. അവിടെ ഒരു ഇന്ത്യാക്കാരൻ ആദ്യമായി പ്രിൻസിപ്പലാകുന്നത് ജോണിന്റെ നിയമനത്തോടെയാണ്. അഭിഭാഷകനായിരിക്കേ ഹൈക്കോടതിയിൽ നിയമനത്തിന് ക്ഷണം ലഭിച്ചെങ്കിലും അതു നിരസിച്ചു. പൊതുപ്രവർത്തനത്തിലായിരുന്നു താല്പര്യം. സർക്കാർ സർവ്വീസിൽ നസ്രാണികൾക്ക് അർഹതയുള്ള സ്ഥാനം നേടിയെടുക്കാനും രാഷ്ട്രീയാവകാശങ്ങൾക്കു വേണ്ടി പൊതുജനാഭിപ്രായം രൂപീകരിക്കാനുമാണ് സുറിയാനി മഹാജനസഭ അദ്ദേഹം ഉണ്ടാക്കിയത്. ജോൺ വക്കീൽ തന്നെയായിരുന്നു പ്രസിഡന്റ്. സ്റ്റേറ്റ് കോൺഗ്രസിലേക്കും ജനകീയഭരണത്തിലേക്കും കേരളജനതയെ പ്രബുദ്ധരാക്കി നയിക്കുന്നതിനും മഹാജനസഭ സഹായിച്ചു.

ഓർത്തഡോക്സ് സഭയുടെ സ്വാതന്ത്ര്യം അബ്ദുള്ളാ പാത്രിയർക്കീസിൽ നിന്നും സംരക്ഷിക്കുന്നതിന് ജോൺ വക്കീൽ ഈ വേദിയെ ഉപയോഗിച്ചു. അവർണർക്കു സ്റ്റേറ്റ് സർവീസിലും ഇംപീരിയൽ സർവീസിലും പ്രവേശനം ലഭിക്കുന്നതിന് ജോൺ വക്കീലിന്റെ നേതൃത്വത്തിൽ തുടങ്ങിയ പ്രസ്ഥാനമാണ് പൗരസമത്വവാദ ലീഗ്. ലീഗിന്റെ പ്രക്ഷോഭണം 1920 മാർച്ച് എട്ടിന് തിരുവനന്തപുരം ലണ്ടൻ മിഷൻ ഹാളിൽ ജോൺ വക്കീൽ ഉദ്ഘാടനം ചെയ്തു. അതിനുശേഷമാണ് റവന്യൂ ഡിപ്പാർട്ട്മെന്റിൽ അവർണർക്കു പ്രവേശനം അനുവദിച്ചത്. മലങ്കരസഭയിൽ അന്ത്യോഖ്യൻ കൈകടത്തലിനെ എതിർത്ത പ്രമുഖനാണ്. മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിൽ തിരുമേനിയെ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയപ്പോൾ ആ മുടക്ക് അന്യായമാണെന്ന് ജോൺ വക്കീൽ വാദിച്ചു. സഭയിലെ സന്ധിയാലോചനകൾക്കും നേതൃത്വം നൽകി. ബഥനി ആശ്രമം സ്ഥാപിക്കാൻ പെരുനാട് മുണ്ടൻമലയിൽ 100 ഏക്കർ സ്ഥലം ദാനം ചെയ്തു. 1942 ഡിസംബർ 14-നു അന്തരിച്ചു. മാതൃഇടവകയായ നിരണം സെന്റ് മേരീസ് വലിയപള്ളിയിൽ കബറടക്കി. മക്കൾ: ഇ. ജോൺ സിറിയക്, ഇ. ജോൺ കുരുവിള (ബാംഗ്ലൂരിലും കുന്നൂരിലും പ്ലാന്ററായിരുന്നു, വ്യവസായിയും), അച്ചാമ്മ മത്തായി, കുഞ്ഞൂഞ്ഞമ്മ ഈപ്പൻ, ഇ. ജോൺ ഫിലിപ്പോസ് (തിരു-കൊച്ചി മന്ത്രിയും സ്റ്റേറ്റ് കോൺഗ്രസ് സ്ഥാപകനേതാവും മുൻ മന്ത്രിയും), ഇ. ജോൺ ജേക്കബ് (കേരള കോൺഗ്രസ് നേതാവും മുൻ മന്ത്രിയും).

കെ. സി. മാമ്മൻ മാപ്പിള (1873-1953)

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ അത്മായ പ്രമുഖൻ, മഹാനായ പത്രാധിപർ, ക്രാന്തദർശിയായ വ്യവസായി, സാമൂഹിക, രാഷ്ട്രീയ,

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



സാമ്പത്തിക ചിന്തകൻ, സംഘാടകൻ, കാർഷിക മേഖലയ്ക്കു പുരോഗതിയുടെ പാത വെട്ടിത്തുറന്ന നേതാവ് എന്നീ നിലകളിലെല്ലാം പ്രബുദ്ധ കേരളത്തിന്റെ വികാസപരിണാമങ്ങളിൽ നിർണ്ണായകസ്വാധീനം ചെലുത്തിയ വ്യക്തി. മലയാള മനോരമ സ്ഥാപകൻ കെ. ഐ. വർഗീസ് മാപ്പിളയുടെ ജ്യേഷ്ഠസഹോദരനായ കെ. ഐ. ചെറിയാന്റെ പ്രഥമ പുത്രനായി 1873 മെയ് 4-നു ജനിച്ചു.

മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് പ്രശസ്തമായി ബി.എ. പാസ്സായി. കുറെക്കാലം കോട്ടയം എം.ഡി. സ്കൂൾ ഹെഡ്മാസ്റ്ററായി ജോലി നോക്കി. പിന്നീട് മനോരമയുടെ പത്രാധിപത്യവും മുഴുവൻ ഉത്തരവാദിത്തവും ഏറ്റെടുത്തു. കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക രംഗങ്ങളിൽ അദ്ദേഹം വഹിച്ച പങ്ക് നിർണ്ണായകമായിരുന്നു. നിയമസഭാരംഗത്തും വ്യക്തിമുദ്ര പതിച്ചു. തിരുവിതാംകൂറിൽ ഉത്തരവാദഭരണം സ്ഥാപിക്കാൻ പോരാടിയവരുടെ ആവേശസ്രോതസ്സായി വർത്തിച്ചു. ശ്രീമൂലം പ്രജാസഭാ മെംബർ ആയിരുന്നു

സി. പി. രാമസ്വാമി അയ്യരുടെ സ്വേച്ഛാധിപത്യ ഭരണത്തിനെതിരെ ജനങ്ങളെ അണിനിരത്തുവാൻ മലയാള മനോരമയും മാമ്മൻ മാപ്പിളയും നേതൃത്വം നൽകി. ഇതിൽ ക്രുദ്ധനായ ദിവാൻ, നാഷണൽ ക്വയിലോൺ ബാങ്കിന്റെ പ്രവർത്തനം അസാദ്ധ്യമാക്കിത്തീർത്തു. മാമ്മൻ മാപ്പിളയെയും സഹപ്രവർത്തകരെയും അറസ്റ്റ് ചെയ്തു. മനോരമ ഓഫീസ് 1938 സെപ്റ്റംബർ 10-ന് അടച്ചുപൂട്ടുകയും ചെയ്തു.

മലങ്കരസഭയുടെ പ്രതിസന്ധി ഘട്ടത്തിൽ മലങ്കര മെത്രാപ്പോലീത്തായായിരുന്ന വട്ടശ്ശേരിൽ തിരുമേനിക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ടും മലങ്കരസഭാകാര്യങ്ങളിൽ മെത്രാപ്പോലീത്തായുടെ നിലപാട് ശരിയാണെന്ന് സ്ഥാപിച്ചുകൊണ്ടും മാമ്മൻമാപ്പിള 'മലയാള മനോരമ'യിൽ മുഖപ്രസംഗ രൂപേണയും സ്വന്തം പേരുവച്ചും ഗുപ്തനാമങ്ങൾ സ്വീകരിച്ചും ഇരുനൂറിൽപരം ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അദ്ദേഹമെഴുതിയ മുഖപ്രസംഗങ്ങൾ കേസിൽ പരാജിതരായ സഭാമക്കളുടെ ആത്മധൈര്യം വർദ്ധിപ്പിക്കുവാൻ കാരണമായി. ഏത് ആപത്തിലും കൂസാത്ത സിംഹഹൃദയനായ മാമ്മൻ മാപ്പിള വരുംവരായ്കകളെക്കുറിച്ച് ചിന്തിക്കാതെ മനോരമയിൽ എഴുതിയ ഒരു മുഖപ്രസംഗം വിദ്യാഭ്യാസ ഡയറക്ടറായിരുന്ന കെ. വി. രങ്കസ്വാമി അയ്യങ്കാരെ ക്രുദ്ധനാക്കി. 'സുറിയാനി സഭാ സംരക്ഷകൻ' എന്നൊരു പത്രികയും മനോരമ പ്രസ്സിൽ നിന്ന് മലങ്കര സഭാകാര്യങ്ങൾക്കു മാത്രമായി പ്രസിദ്ധപ്പെടുത്തിയിരുന്നു. സമുദായക്കേസിൽ സാക്ഷിയായി പല പ്രാവശ്യം മൊഴി കൊടുത്തിട്ടുണ്ട്.

1951-ൽ സമുദായക്കേസ് കാതോലിക്കാ ഭാഗത്തിനു പ്രതികൂലമായി ഹൈക്കോടതിയിൽ നിന്നു വിധിയുണ്ടായി. പഴയസെമിനാരി മുതലായ സഭാകേന്ദ്രങ്ങൾ ഓർത്തഡോക്സ് സഭയ്ക്കു നഷ്ടപ്പെടുമെന്ന ഒരു സ്ഥിതി സംജാതമായപ്പോൾ തന്റെ പ്രായാധിക്യത്തെ പോലും വകവെയ്ക്കാതെ മാമ്മൻ മാപ്പിള ഏതാനുംപേരും ഒന്നിച്ച് ഒരാഴ്ച കൊണ്ട് ഒന്നര ലക്ഷം രൂപാ സമാഹരിച്ച് ദേവലോകം അരമന കെട്ടിടവും സ്ഥലവും മലങ്കര സഭാദ്ധ്യക്ഷനു താമസിക്കുവാൻ വേണ്ടി വാങ്ങിച്ചു എന്നത് മലങ്കരസഭയ്ക്ക് ഒരിക്കലും മറക്കാനാകാത്ത സംഭവമാണ്. 1953 ഡിസംബർ 31-ന് അന്തരിച്ചു. കോട്ടയം പുത്തൻപള്ളിയിൽ കബറടക്കി.

എ. എം. വർക്കി (1892-1944)

വിദ്യാഭ്യാസ വിചക്ഷണനും അല്മായ പ്രമുഖനും ദൈവശാസ്ത്രജ്ഞനും. മാവേലിക്കര പുതിയകാവ് ഇടവകയിൽ ആലിന്റെതെക്കേതിൽ മാത്യുവിന്റെ പുത്രനായി 1892 ജനുവരി 27-നു ജനിച്ചു. ഫസ്റ്റ് ക്ലാസ്സോടെ മെട്രിക്കുലേഷനും എഫ്.എ. പരീക്ഷയും പാസ്സായി. ബി.എ. പരീക്ഷയിൽ ഡബിൾ ഫസ്റ്റ് ക്ലാസ്സും എം.എ. യ്ക്ക് ഉയർന്ന സെക്കന്റ് ക്ലാസ്സും നേടി. എഫ്.എൽ., ബി.എൽ. പരീക്ഷകളിൽ ഒന്നാം ക്ലാസ്സും ഒന്നാം റാങ്കും കരസ്ഥമാക്കി. തിരുവല്ല എം.ജി.എം. ഹൈസ്കൂളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചതിനുശേഷം 1919-ൽ കൊല്ലം ജില്ലാ ക്കോടതിയിൽ വക്കീലായി ജോലിയാരംഭിച്ചു.




വിദ്യാദാനത്തിന്റെ ശ്രേഷ്ഠതയറിഞ്ഞ ഇദ്ദേഹം ആലുവാ യു.സി. കോളജിന്റെ പ്രഥമ പ്രിൻസിപ്പലായി 29-ാം വയസ്സിൽ ചുമതലയേറ്റെടുത്തു. യു.സി. കോളജിനെ ഫസ്റ്റ് ഗ്രേഡ് റസിഡൻഷ്യൽ കോളജായി ഉയർത്തുന്നതിൽ സുപ്രധാനമായ പങ്കു വഹിച്ചു. 21 വർഷം പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. പിന്നീട് മദ്രാസ് താംബരം കോളജിൽ വിസിറ്റിംഗ് പ്രൊഫസറായി പ്രവർത്തിച്ചു. ആലുവാ മുനിസിപ്പൽ ചെയർമാനായിരുന്നു.

മലങ്കര ഓർത്തഡോക്സ് സഭയെക്കുറിച്ച് ഭാരതത്തിനു പുറത്തു പോയി ആദ്യമായി പ്രഭാഷണം നടത്തിയ വ്യക്തികളിൽ ഒരാളാണ്. 1932-ൽ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ ഫെലോഷിപ്പിൽ അംഗമായി ഇംഗ്ലണ്ട് സന്ദർശിച്ച അവസരത്തിലാണ് ഈ ഭാഗ്യം ഇദ്ദേഹത്തിനു സിദ്ധിച്ചത്.

ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ പ്രവർത്തനങ്ങൾ പുതുക്കുന്നതിനും പുനഃക്രമീകരണങ്ങൾക്കും തുടക്കമിട്ട 'ഫോർവേഡ് മൂവ്മെന്റിന്റെ' പ്രമുഖ പ്രവർത്തകനായിരുന്നു. ഫാ. കെ. ഫീലിപ്പോസും (ഡോ. തെയോഫിലോസ്) എ. എം. വർക്കിയും ഉത്സാഹിച്ചാണ് പഴയസെമിനാരിയിൽ നിലച്ചുപോയ വൈദിക വിദ്യാഭ്യാസം 1940-കളിൽ എം.ഡി. സെമിനാരിയിൽ പുനരാരംഭിച്ചത്. 1942 മുതൽ 1943 വരെ മലങ്കര ഓർത്തഡോക്സ് സഭയുടെ ഓണററി സെക്രട്ടറിയായി ഇദ്ദേഹം സേവനമനുഷ്ഠിച്ചു. സഭാ ആസ്ഥാനത്തെ കാര്യങ്ങളുടെ നടത്തിപ്പിനെ നവീനരീതികളിലേക്കു കൊണ്ടുവരുന്നതിൽ മുഖ്യപങ്കു വഹിച്ചു. 'മലങ്കര സഭാ' മാസികയുടെ രൂപീകരണത്തിന് നേതൃത്വം നൽകി. സഭാസമാധാനത്തിനായി മലങ്കരസഭയിലെ പള്ളിപ്രതിപുരുഷന്മാർ ഒന്നിച്ചുകൂടിയ 'ആലുവാ പള്ളി പ്രതിപുരുഷയോഗ'ത്തിന്റെ പ്രധാന ശില്പികളിലൊരാളായിരുന്നു. വ്യത്യസ്ത ക്രൈസ്തവ വിഭാഗങ്ങൾക്ക് പുനഃസമാഗമനത്തിനുള്ള വേദി ഒരുക്കുവാൻ മൂന്നു സമ്മേളനങ്ങൾ സി. പി. മാത്തനുമായി സഹകരിച്ച് സംഘടിപ്പിച്ചു. 1944 ജൂൺ 5-ന് നിര്യാതനായി. നിരണം വീയപുരത്തു പുരയ്ക്കൽ ശോശാമ്മയായിരുന്നു ആദ്യ ഭാര്യ. മക്കൾ മൂന്നാണും രണ്ടു പെണ്ണും. ശോശാമ്മയുടെ മരണത്തെ തുടർന്ന് മന്ത്രി കെ. സി. ജോർജിന്റെ സഹോദരി പ്രൊഫ. അന്നമ്മയെ വിവാഹം ചെയ്തു.

ടി. ജോസഫ് മേമന



കോട്ടയം ഭദ്രാസനത്തിലെ നിലയ്ക്കൽ ഇടവകാംഗം പുതുപ്പള്ളി മേമന കുരുവിള തൊമ്മന്റെ പുത്രൻ. മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നു ബി.എ. ബിരുദം നേടിയശേഷം തിരുവിതാംകൂർ ഗവൺമെന്റ് സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചു. നീതിനിഷ്ഠയും സത്യസന്ധതയും മൂലം ജോലിയിൽ ഉയർച്ച പ്രാപിച്ചു. കുറച്ചുകാലം തിരുവിതാംകൂർ അഞ്ചൽ സൂപ്രണ്ടായിരുന്നു (ഇന്നത്തെ കേരള പോസ്റ്റ്മാസ്റ്റർ ജനറലിനു തുല്യമായ സ്ഥാനം). ട്രഷറി സൂപ്രണ്ടായും പ്രവർത്തിച്ചു. എഴുത്തുകാരനായിരുന്നു അദ്ദേഹം.

എന്നാൽ സർക്കാർ ഉദ്യോഗസ്ഥർക്ക് സ്വന്തം പേരിൽ ലേഖനങ്ങളെഴുതാൻ അനുവാദമില്ലാതിരുന്നതിനാൽ 'ചരിത്രാന്വേഷി' എന്ന തൂലികാനാമത്തിലാണ് എഴുതിയിരുന്നത്. 'പൗരപ്രഭ', 'പൗരധ്വനി' തുടങ്ങിയ പത്രങ്ങളിൽ ഈ പേരിൽ ചരിത്രസംബന്ധമായ ലേഖനങ്ങളെഴുതിയിരുന്നു.

പെൻഷൻ പറ്റിയ ശേഷം ജീവിതം പൊതുജനസേവനത്തിനായി നീക്കി വെച്ചു. ഇക്കാലത്ത് മുണ്ടകപ്പാടത്ത് ഒരു കോ-ഓപ്പറേറ്റീവ് സ്റ്റോർ തുടങ്ങി. വളരെക്കാലം അതു ഭംഗിയായി നടന്നു. രണ്ടാം ലോകമഹാ യുദ്ധകാലത്ത് ഈ സഹകരണസംഘം പൊതുജനങ്ങൾക്ക് വളരെ പ്രയോജനപ്രദമായി ത്തീർന്നു. ഒരു നിയമോപദേഷ്ടാവായിരുന്ന റ്റി. ജോസഫ് നിലയ്ക്കൽ പള്ളിക്കും മുണ്ടകപ്പാടം അഗതി മന്ദിരത്തിനും ഓരോ ഭരണഘടന എഴുതിക്കൊടുത്തി രുന്നു. കൂടാതെ ചേരമാൻ മകുടം എന്ന ചരിത്ര ആഖ്യായികയും ബാരിസ്റ്റർ ജോർജ്ജ് എന്ന നാടകവും ഇദ്ദേഹത്തിന്റെ രചനകളാണ്. മൂന്നു പുത്രന്മാരും മൂന്ന് പുത്രിമാരുമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. മൂത്ത പുത്രന്മാർ രണ്ടു പേരും ചെറുപ്പത്തിൽ തന്നെ മരിച്ചു പോയി. പുത്രിമാർ അന്നമ്മ ബി.എ., പൊന്നമ്മ ബി.എ., കുഞ്ഞമ്മ എന്നിവരാണ്. റ്റി. ജോസഫ് 1119 കന്നി മാസത്തിൽ അന്തരിച്ചു. ഇദ്ദേഹത്തിന്റെ ഇളയ പുത്രനായ രാജൻ ജോസഫ് കൊച്ചിൻ യൂണിവേഴ് സിറ്റിയിൽ അസിസ്റ്റന്റ് രജിസ്ട്രാറായിരുന്നു.

മലങ്കരസഭാ ഭരണഘടനയ്ക്ക് വിധേയമായി 'പുതുപ്പള്ളി നിലയ്ക്കൽ പള്ളിയുടെ ഭരണവ്യവസ്ഥകളും യോഗനടപടിക്രമവും' തയ്യാറാക്കിയത് ടി. ജോസഫാണ്. 1939-ൽ കോട്ടയം മലങ്കര സിറിയൻ പ്രസിൽ അച്ചടിച്ച ഈ ഉപനിയമാവലി ഇടവകാംഗങ്ങൾക്ക് വിതരണം ചെയ്തിരുന്നു. ഏഴംഗ ഉപ സമിതിയും വികാരിമാരും പള്ളി പൊതുയോഗവും പല തവണ ചർച്ച ചെയ്ത് അംഗീകരിച്ച ഈ ഉപ നിയമാവലി ആധുനിക കാലത്തും ഏതു ജനാധിപത്യ പ്രസ്ഥാനത്തിനും മാതൃകയാക്കാവുന്നതാണ്. അധ്യക്ഷനും പൊതു യോഗത്തിൽ പങ്കെടുക്കുന്നവർക്കുമുള്ള അധികാരങ്ങൾ, അവകാശങ്ങൾ, കടമകൾ, ചുമതലകൾ, യോഗനടത്തിപ്പിന്റെ ക്രമവും ചിട്ടയും ഇവയെല്ലാം നടപടിക്രമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അന്തസ്സുറ്റ രീതിയിൽ പ്രതിപക്ഷ ബഹുമാനത്തോടെ യോഗാംഗങ്ങൾ പെരുമാറേണ്ടതെങ്ങനെ, പ്രമേയങ്ങൾ അവതരിപ്പിക്കേണ്ട വിധം, പ്രമേയത്തിന്റെ അവസരം, പോയിന്റ് ഓഫ് ഓർ ഡർ എങ്ങനെ ഉന്നയിക്കാം, ക്ലോഷർ മോഷന്റെ സന്ദർഭം, പോളിങ് എങ്ങനെ നടത്തണം, കാസ്റ്റിങ് വോട്ട് എപ്പോൾ ചെയ്യാം ഇവയെല്ലാം നിയമാവലിയിൽ പറയുന്നു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കും മുമ്പ് പൂർണ ജനായത്ത ഭരണരീതികൾ ഒരു സ്വപ്നം മാത്രമായിരുന്ന കാലത്താണ് ഈ നിയമാവലി എഴുതി ചർച്ച ചെയ്ത് ഇടവകയോഗം പാസ്സാക്കിയത് എന്നതു പൂർവികരുടെ ദീർഘവീക്ഷണത്തിനു നിദർശനമാണ്.


പത്രോസ് മത്തായി (1880-1944)

മലങ്കര നസ്രാണികളിൽ നിന്ന് ആദ്യമായി നേരിട്ടു മുൻസിഫ് നിയമനം ലഭിച്ച ഒളശ്ശ മഞ്ചയിൽ തോമസ് മത്തായി മുൻസിഫിന്റെ പുത്രനാണ് പത്രോസ് മത്തായി. മത്തായി മുൻസിഫും സഭാ മാനേജിംഗ് കമ്മറ്റി മെമ്പറും ആയി രുന്നു. 1880-ൽ ജനിച്ച പത്രോസ് മത്തായി 1902-ൽ മദ്രാസ് ക്രിസ്ത്യൻ കോള ജിൽ നിന്ന് ഒന്നാം ക്ലാസ്സിൽ എം.എ. പാസ്സായപ്പോൾ സമുദായത്തിലെ പ്രഥമ എം.എ. ക്കാരൻ എന്ന ബഹുമതി അദ്ദേഹത്തിനു ലഭിച്ചു. മലങ്കര മെത്രാപ്പോ



ലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവ ന്നാസ്യോസ് അഞ്ചാമൻ സമുദായത്തിൽ നിന്നു കീർത്തി മുദ്രയുള്ള മെഡൽ സമ്മാ നിച്ച് പത്രോസ് മത്തായിയെ ആദരിക്കുക യുണ്ടായി. പിന്നീടു തിരുവനന്തപുരം ലോ കോളജിൽ നിന്നും ബി.എൽ. ബിരുദം നേടി. അവിടുത്തെ ഹൈക്കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു. അതോടൊപ്പം ലോ കോളജിൽ പഠിപ്പിച്ച അദ്ദേഹം പിന്നീട് ലോ കോളജ് പ്രിൻസിപ്പലായി.

തുമ്പമൺ ഭദ്രാസനയോഗവും 1930-ൽ കൂടിയ മലങ്കര അസോസിയേഷനും മെത്രാൻ സ്ഥാനത്തേക്കു തിരഞ്ഞെടുത്തു. മെത്രാൻസ്ഥാനം ഏൽപ്പാനുള്ള സമ്മർദ്ദ മേറിയപ്പോൾ അതിനെ അതിജീവിക്കാൻ 49-ാം വയസ്സിൽ വിവാഹിതനായി. സമുദായക്കേസിൽ ഓർത്തഡോക്സ് വിഭാ ഗത്തിനു വിശിഷ്യ വട്ടശ്ശേരിൽ തിരുമേനിക്കു വളരെയധികം നിയമോപദേശ ങ്ങൾ നൽകി സഹായിച്ചു. കോട്ടയം ജില്ലാക്കോടതിയിൽ സമുദായ കേസ് നട ക്കുമ്പോഴും ജനാധിപത്യ ഭരണ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ സഭാ ഭരണഘടന തയ്യാറാക്കുമ്പോഴും പത്രോസ് മത്തായി നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. സഭാ മാനേജിംഗ് കമ്മിറ്റി അംഗം, യൂത്ത് ലീഗ് പ്രസിഡന്റ് തുടങ്ങിയ നിലകളിലും സഭാ സേവനം അനുഷ്ഠിച്ച അദ്ദേഹം 1944-ൽ 64-ാമത്തെ വയസ്സിൽ നിര്യാതനാകുകയും പത്തനം തിട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ സെമിത്തേരിയിൽ സംസ്ക രിക്കപ്പെടുകയും ചെയ്തു. ഭാര്യ കുഞ്ഞ ന്നാമ്മ മാവേലിക്കര പടിഞ്ഞാറേതലക്കൽ ഇടിച്ചാണ്ടിയുടെ പുത്രിയാണ്. ഏഴു മക്ക ൾ. ഉന്നതനിലയിൽ ഔദ്യോഗിക ജീവിതം പൂർത്തിയാക്കിയ അവരിൽ പലരും വലിയ സഭാസ്നേഹികളായിരുന്നു.



പി. ജേക്കബ് കുര്യൻ, മാവേലിക്കര (1884-1950)

അനുഗൃഹീത വാഗ്മി, പ്രതിഭാസമ്പന്നനായ പത്രാധിപർ, സാഹിത്യകാരൻ, മലങ്കരസഭയുടെ പ്രമുഖനായ അത്മായ നേതാവ്, പ്രശസ്തനായ പൗരസേവകൻ, നിസ്തുലനായ 'പ്രജാസഭാ' സാമാജികൻ എന്നീ നിലകളിൽ പ്രശോഭിച്ച വ്യക്തി. മാവേലിക്കര പടിഞ്ഞാറേതലയ്ക്കൽ കുടുംബത്തിൽ കൊച്ചുചാക്കോ തരകന്റെ പുത്രനായി 1884 മാർച്ച് 12-നു ജനിച്ചു. കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിൽ നിന്ന് മെട്രിക്കുലേഷൻ കഴിഞ്ഞ് പത്രപ്രവർത്തനത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു. 'സാരസാഗരം' എന്ന പേരിൽ ഒരു പ്രസിദ്ധീകരണം ആരംഭിച്ചു നടത്തി. പതിനേഴാമത്തെ വയസിൽ ശ്രീമൂലം പ്രജാസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. നിരവധി തവണ തുടർച്ചയായി പ്രജാസഭ മെമ്പറായിരുന്നു. പ്രജാ സഭയിലെ ഏറ്റവും പ്രായംകുറഞ്ഞ അംഗമായിരുന്ന അദ്ദേഹത്തിന്റെ ഉജ്ജ്വല പ്രഭാഷണങ്ങൾ സഭാവേദിയെ കിടിലം കൊള്ളിക്കുന്നവയായിരുന്നു. രാഷ്ട്രീയമായും സാമുദായികമായും ക്രൈസ്തവജനത ഉയർന്ന് തിരുവിതാംകൂറിലെ ശക്തിയുള്ള പ്രജാസമൂഹ മായി തീരുവാനും, ജനസംഖ്യാനുപാതികമായി സർക്കാരുദ്യോഗങ്ങളിൽ ക്രൈസ്തവർക്കു സ്ഥാനം കിട്ടുവാനും വേണ്ടി അദ്ദേഹം പോരാടി. 1914-ൽ അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരണം ആരംഭിച്ച 'കേരളാഭി മാനി'ക്ക് രാജ്യത്തുടനീളം പ്രചാരം ലഭിച്ചു. അതിലെ മുഖപ്രസംഗങ്ങൾ ഓരോന്നും ഗവണ്മെന്റിന്റെ ഗൗരവമേറിയ പരിഗണന അർഹിക്കുന്നതായിരുന്നു. തിരുവിതാംകൂറിൽ 1917-ൽ ആരംഭിച്ച പൗരസമത്വവാദ പ്രക്ഷോഭണത്തിന് നടുനായകത്വം വഹിച്ചത് ഇദ്ദേഹമാണ്. 1928-ൽ രൂപംകൊണ്ട 'കേരള ക്രൈസ്തവ സേവകസമിതി' യുടെ സ്ഥാപക സെക്രട്ടറി, സമിതിയുടെ മുഖപത്രമായ 'കേരളസേവകൻ' എന്ന പത്രത്തിന്റെ പത്രാധിപർ, സിറിയൻ ക്രിസ്ത്യൻ കോൺഗ്രസിന്റെ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു. സഭാചരിത്ര പണ്ഡിതനും പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിന്റെ ധീരനായ കാവൽഭടനുമായിരുന്ന അദ്ദേഹം സഭാ മാനേജിംഗ് കമ്മിറ്റി അംഗ മായി ആയുഷ്ക്കാലം മുഴുവൻ സേവനമനുഷ്ഠിച്ചു. 'കുഞ്ഞന്നാമ്മ' എന്ന പേരിൽ ഒരു ക്രിസ്തീയ സാമൂഹിക സംഗീതനാടകം രചിച്ചിട്ടുണ്ട്. ഇദ്ദേഹ ത്തിന്റെ സഹോദരപുത്രനാണ് പ്രശസ്തനായ ഡോ. പി. സി. അലക്സാണ്ടർ. 1950 ജൂൺ 26-നു അന്തരിച്ചു. മാവേലിക്കര സെന്റ് മേരീസ് കത്തീഡ്രലിൽ കബറടക്കി.

അഡ്വ. ഇ. ജെ. ഫീലിപ്പോസ്

നിരണം ഇലഞ്ഞിക്കൽ പെരുമാൾ ചാക്കോയുടെയും കോട്ടയം കൊച്ചുപു രയ്ക്കൽ ഉതുപ്പു മുതൽപിടിക്കാരന്റെ മകൾ അന്നമ്മയുടെയും മകൻ. ഇ. ജെ. ജോൺ വക്കീലിന്റെ സഹോദ പൗത്രനും ഇ. ജെ. ഉതുപ്പിന്റെ ഇളയ സഹോദ രനുമാണ്. ഇ. ജെ. പീലിപ്പോസും ഇ. ജെ. ഉതുപ്പും സി. ജെ. കുര്യന്റെ ഭാര്യാ സഹോദരീ പുത്രന്മാരായിരുന്നു. ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ നിന്നും ഇന്റർമീഡിയറ്റ് വിദ്യാഭ്യാസത്തിനുശേഷം മദ്രാസ് ക്രിസ്ത്യൻ കോളജിൽ

നിന്നും ബിരുദവും മദ്രാസ് ലോകോളജിൽ നിന്നു നിയമബിരുദവും നേടി.



ഇ. ജെ. ഫീലിപ്പോസിന്റെ മദ്രാസിലെ പഠനകാലത്ത് അദ്ദേഹത്തോടൊപ്പം അവിടെ പഠിച്ചിരുന്ന വിദ്യാർത്ഥികളായിരുന്ന കെ. സി. ചാക്കോ, എ. എ. പോൾ മുതലായവരുടെ മനസ്സിൽ ഉദിച്ച ഒരു ആശയമാണ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ രൂപീകരണത്തിനു കാരണമായത്. ഈ വിദ്യാർത്ഥികളുടെ ആശയം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അംഗീകരിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം 1908 ജനുവരിയിൽ തിരുവല്ലാ ബാലികാമഠം ഹൈസ്കൂളിൽ വച്ച് 300-ലധികം വിദ്യാർത്ഥികൾ പങ്കെടുത്ത ആദ്യത്തെ സിറിയൻ സ്റ്റുഡന്റ്സ് കോൺഫറൻസ് റമ്പാൻ വട്ടശ്ശേരിൽ ഗീവർഗീസ് മല്പാന്റെ അദ്ധ്യക്ഷതയിൽ കൂടുകയും ഉണ്ടായി. ഇത് സഭയുടെ ആത്മീയ പ്രസ്ഥാനങ്ങളുടെ ചരിത്രത്തിൽ വലിയൊരു ചുവടുവയ്പായിരുന്നു. ഈ കോൺഫറൻസ് ആണ് പിൽക്കാലത്ത് എം.ജി.ഒ.സി.എസ്.എം. എന്ന വലിയ ആത്മീയപ്രസ്ഥാനമായി വളർന്ന് രൂപാന്തരപ്പെട്ടത്. ആദ്യത്തെ ജനറൽ സെക്രട്ടറി എന്ന നിലയിൽ ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഇ. ജെ. ഫീലിപ്പോസ് നിസ്തുലമായ സംഭാവനയാണ് നൽകിയിട്ടുള്ളത്.

വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്ത് തിരുമേനിയുടെ പ്രധാന ആലോചനക്കാരിൽ ഒരാളായിരുന്ന ഇദ്ദേഹമാണ് വട്ടിപ്പണക്കേസിൽ കാതോലിക്കാഭാഗത്തിനു വേണ്ടി തിരുവനന്തപുരം ജില്ലാക്കോടതിയിലും ഹൈക്കോടതിയിലും കേസു വാദിക്കുകയും പിന്നീട് വട്ടിപ്പണത്തിന്റെ പലിശ വാങ്ങുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തത്. ജില്ലാക്കോടതിയിലും തുടർന്ന് ഹൈക്കോടതിയിലും മറ്റു സീനിയർ വക്കീലന്മാർ വാദിക്കുന്നതിനുണ്ടായിരുന്നെങ്കിലും അവരെ കേസു പഠിപ്പിക്കുന്ന ചുമതല ഫീലിപ്പോസ് തന്നെയാണ് നിർവ്വഹിച്ചത്. രണ്ടു പ്രാവശ്യം ഹൈക്കോടതിയിൽ കേസു വാദിക്കാൻ മദ്രാസിൽ നിന്നും പ്രഗൽഭരായ വക്കീലന്മാരെ വരുത്തി കേസു പഠിപ്പിച്ചു വാദം നടത്തിയും അതിനാവശ്യമായ എല്ലാ കാര്യങ്ങളും ഫീലിപ്പോസ് തന്നെയാണ് ചെയ്തത്. മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിയംഗമായിരുന്നു. മലങ്കരസഭാ ഭരണഘടനയുടെ ശില്പികളിൽ പ്രമുഖനാണ്.

പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കാലത്ത് കോട്ടയം ജില്ലാക്കോടതിയിൽ 'സമുദായക്കേസ്' എന്ന പേരിൽ ഒരു കേസ് ഉണ്ടായപ്പോൾ ആ കേസിന്റെ ആലോചനകൾക്കായി കോട്ടയത്തു പലപ്പോഴും വന്നുകൊണ്ടിരുന്നു. കോട്ടയം ജില്ലാ കോടതിയിൽ കാതോലിക്കാ ബാവായ്ക്ക് അനുകൂലമായി 1943-ൽ വിധിച്ചു എങ്കിലും എതിർ കക്ഷികൾ ഹൈക്കോടതിയിൽ അപ്പീൽ നൽകി. ഹൈക്കോടതിയിൽ ഈ കേസ് ഇ. ജെ. ഫീലിപ്പോസിന്റെ ചുമതലയിൽ ആയി. കേസുകൾ എല്ലാം തീരുവാൻ ആവശ്യമായ നടപടികളും മദ്രാസിൽ നിന്ന് പ്രസിദ്ധരായ വക്കീലന്മാരെ ഏർപ്പാടു ചെയ്യുവാനും മറ്റും വേണ്ടതു ഫീലിപ്പോസിന്റെ നേതൃത്വത്തിൽ നടന്നു. കേസ് കാതോലിക്കാ ബാവായ്ക്കു പ്രതികൂലമായി വന്നു. ആ വിധിയിന്മേൽറിവ്യൂ ഹർജ്ജി ഫയൽ ചെയ്തു. റിവ്യൂ അനുവദിച്ച് ഉത്തരവായി. അതനുസരിച്ച് കേരള ഹേക്കോടതിയിൽ വാദം തുടങ്ങി. ആ വാദത്തിന് പ്രശസ്തനായ അഭിഭാഷകൻ എം. കെ. നമ്പ്യാരെ ഏർപ്പാടു ചെയ്ത് കേസു പഠിപ്പിച്ചത് ഇ. ജെ. ഫീലിപ്പോസായിരുന്നു. ഈ കേസിലെ വിധി പ്രതികൂലമാകയാൽ സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. 1958-ൽ അപ്പീൽ കാതോലിക്കാ ബാവായ്ക്ക് അനുകൂലമായി അനുവദിച്ച് വിധിയുണ്ടാവുകയും ആ വിധിയുടെ അടിസ്ഥാനത്തിൽ 1958 ഡിസംബർ 16-ന് സഭയിൽ സമാധാനം ഉണ്ടാവുകയും ചെയ്തു.

സമുദായക്കേസുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടു വക്കീലന്മാരെ ഏർപ്പാടു ചെയ്യുവാനും അവരെ കേസു പഠിപ്പിക്കുവാനും മറ്റും മദ്രാസ്, ബോംബെ, ഡൽഹി മുതലായ സ്ഥലങ്ങളിൽ ഇ. ജെ. ഫീലിപ്പോസിന് 1920 മുതൽ പല തവണ യാത്ര ചെയ്യേണ്ടതായി വന്നിട്ടുണ്ട്. ആരോഗ്യവും ശരീരസുഖവും കണക്കിലെടുക്കാതെ സമുദായസേവനത്തെ അദ്ദേഹം കൂടുതൽ വിലമതിച്ചിരുന്നു. സമുദായത്തിന്റെ എല്ലാ ആവശ്യങ്ങളിലും അദ്ദേഹത്തിന്റെ സേവനം ഉണ്ടായിരുന്നു. 1934-ൽ മലങ്കര അസ്സോസിയേഷൻ പാസ്സാക്കിയതും സുപ്രീംകോടതി അംഗീകരിച്ചതുമായ മലങ്കര സഭാഭരണഘടനയുടെ സ്രഷ്ടാക്കളിൽ പ്രമുഖനാണ്.

വർഷങ്ങളോളം നിരണം സെന്റ് മേരീസ് ഹൈസ്കൂളിന്റെ മാനേജർ ആയിരുന്നു. തിരുവിതാംകൂർ സർക്കാരിന്റെ ആദ്യത്തെ അക്കൗണ്ടന്റ് ജനറൽസ് ഓഫീസിൽ ട്രസ്റ്റി ആയി അഞ്ചു വർഷം സേവനം അനുഷ്ഠിച്ചു.

തിരുവല്ലാ കണ്ടത്തിൽ കെ. വി. ഈപ്പൻ വക്കീലിന്റെ മകൾ സാറാമ്മയായിരുന്നു സഹധർമ്മിണി. മൂന്നു പെൺമക്കളും മൂന്ന് ആൺമക്കളും. മകൻ ഇ. പി. ഈപ്പൻ തിരുവനന്തപുരം മുൻ മേയറും മുൻ എം.എൽ.എ. യും ആയിരുന്നു. രണ്ടാമത്തെ മകൻ വ്യവസായിയും കൃഷികാര്യങ്ങളിൽ തല്പരനും ആയിരുന്നു.

സഭാ സംബന്ധമായ കേസുകൾ കൈകാര്യം ചെയ്തുകൊണ്ടിരുന്നെങ്കിലും അദ്ദേഹം സഭയിൽ സമാധാനം ഉണ്ടായിക്കാണുവാൻ അതിയായി ആഗ്രഹിച്ചിരുന്നു. 1958-ലെ സുപ്രീംകോടതി വിധിക്കുശേഷം ഡിസംബർ 16-ന് സഭയിൽ സമാധാനം ഉണ്ടായത് കാണുവാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടായി. 1961 മെയ് 3-ന് അന്തരിച്ചു. തിരുവനന്തപുരം സെന്റ് ജോർജ്ജ് പള്ളി വക പാറ്റൂർ സെമിത്തേരിയിൽ കബറടക്കി.




കെ. റ്റി. മാത്യു (1895–1946)

കോലടി വടക്കൂട്ട് താവൂവിന്റെ പുത്രനായി കെ. റ്റി. മാത്യു 1895 നവംബർ 13-നു ജനിച്ചു. ആർത്താറ്റ് കുന്നംകുളം ഇടവകാംഗമായിരുന്നു. പഴയ കൊച്ചിരാജ്യത്ത് ആദ്യമായി ലെജിസ്ലേറ്റീവ് കൗൺസിൽ നിലവിൽ വന്നപ്പോൾ രണ്ടു തവണ പ്രതിനിധിയായി. ഇദ്ദേഹം 1944-ൽ സ്ഥാപിച്ച അന്ധബധിരമൂക വിദ്യാലയം കേരളത്തിൽ അപ്രകാരമുള്ള ആദ്യ സംരംഭമാണ്. 1946 മാർച്ച് 16-ന് അന്തരിച്ചു.

സി. റ്റി. ഈപ്പൻ (ഫാ. ഡോ. സി. റ്റി. ഈപ്പൻ: 1895–1977)


പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണനും എക്യൂമെനിക്കൽ വക്താവും വേദശാസ്ത്രജ്ഞനും എഴുത്തുകാരനും ദാർശനികനും. അടൂർ നെല്ലിമൂട്ടിൽ ചാവടിയിൽ തോമസ് മുതലാളിയുടെയും ഏലിയാമ്മയുടെയും മകനായി 1895 മാർച്ച് 25-ന് ജനനം. തിരുവല്ല എം.ജി.എം. ഹൈസ്കൂൾ, സെറാമ്പൂർ കോളജ്, അമേരിക്കയിലെ ജനറൽ തിയോളജിക്കൽ സെമിനാരി, ചിക്കാഗോ സർവ്വകലാശാല, ഓക്സ്ഫഡ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ പഠിച്ച് MA, STM, Ph.D ബിരുദങ്ങൾ കരസ്ഥമാക്കി. മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തുവെങ്കിലും സ്വയം പിന്മാറി. ഗ്രാമീണ ജനതയുടെ സാമൂഹിക, സാംസ്കാരിക വിദ്യാഭ്യാസ മുന്നേറ്റം ലക്ഷ്യമാക്കി ശാസ്താംകോട്ട കായലിന്റെ പ്രശാന്തമായ തീരത്ത് റെസിഡൻഷ്യൽ ഹൈസ്കൂൾ ആരംഭിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.



മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗം, കോട്ടയം ഓർത്തഡോക്സ് സെമിനാരി പ്രൊഫസർ, ഇന്റർ ചർച്ച് റിലേഷൻസ് കമ്മിറ്റി

അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. പത്തനാപുരം മൗണ്ട് താബോർ ദയറാ, പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് എന്നിവയുടെ സ്ഥാപനത്തിൽ നിർണ്ണായക പങ്കാളിത്തം വഹിച്ചു. മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് 1954-ൽ ഇവാൻസ്റ്റണിൽ നടന്ന WCC അസംബ്ലിയിലും 1963-ലെ രണ്ടാം വത്തിക്കാൻ കൗൺസിലിൽ നിരീക്ഷകനായും പങ്കെടുത്തു. യുവജന വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്ക് മാർഗ്ഗദർശനം പകർന്ന അച്ചൻ ഓർത്തഡോക്സ് സ്റ്റുഡന്റ്സ് കോൺഫ്രൻസിന്റെ പ്രഥമ ജനറൽ സെക്രട്ടറിയായിരുന്നു. ഭാരതത്തിലും വിദേശത്തുമായി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും വിസിറ്റിംഗ് പ്രൊഫസറായും സേവനം അനുഷ്ഠിച്ചു.

ഓറിയന്റൽ-ബൈസെന്റയിൻ ഓർത്തഡോക്സ് സഭകളുടെ സഭാന്തര സംഭാഷണങ്ങൾക്ക് മുഖ്യ നേതൃത്വം നല്കി. എക്യുമെനിക്കൽ ദർശനവും മലങ്കര ഓർത്തഡോക്സ് സഭാ വിശ്വാസവും സമന്വയിപ്പിച്ച് പ്രസിദ്ധീകരിച്ച The Star of the East എന്ന എക്യുമെനിക്കൽ ജേർണലിന്റെ സ്ഥാപകനും ചീഫ് എഡിറ്ററും ശാസ്താംകോട്ട ഡോ. സി.റ്റി. ഈപ്പൻ ട്രസ്റ്റ് സ്ഥാപക ട്രസ്റ്റിയുമായിരുന്നു. 1977 ഏപ്രിൽ 1-ന് അന്തരിച്ചു.




റാവു സാഹിബ് ഒ. എം. ചെറിയാൻ (1874 -1944)

ഔദ്യോഗിക ജീവിതത്തിലും സാമൂഹ്യ സാംസ്കാരിക വൈജ്ഞാനിക മേഖലകളിലും സഭാമണ്ഡലത്തിലും ജ്വലിച്ചു നിന്നിരുന്ന പ്രതിഭാശാലി. കോട്ടയത്തിനടുത്ത് പുതുപ്പള്ളിഒറ്റപ്ലാക്കൽ ചെറിയാൻ മാത്തുവിന്റെയും വാകത്താനം വെട്ടിപറമ്പിൽ ഉണിച്ചിയമ്മയുടെയും പുത്രനായി 1874 ജൂലൈ 12-ന് ജനിച്ചു. മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് ബിരുദം നേടി കോട്ടയം എം.ഡി. സെമിനാരി സ്കൂളിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. അനന്തരം മദ്രാസ് സെയ്ദപെട് ട്രെയിനിംഗ് കോളജിൽ നിന്ന് എൽ.റ്റി. ബിരുദം നേടി. തിരുവനന്തപുരം മോഡൽ സ്കൂൾ, മഹാരാജാസ് ട്രെയിനിംഗ് കോളജ് എന്നിവിടങ്ങളിലും അദ്ധ്യാപകനായിരുന്നു.

തിരുവിതാംകൂർ രാജകൊട്ടാരം ട്യൂട്ടറായിരുന്ന ഇദ്ദേഹത്തിന് രാജകുടുംബങ്ങളിൽ പലരുടെയും ആചാര്യപദവി ലഭിച്ചു. വിദ്യാഭ്യാസ വകുപ്പിൽ ചീഫ് ഇൻസ്പെക്ടറായി പ്രവർത്തിച്ച കാലത്ത് അനവധി സ്കൂളുകൾ സ്ഥാപിക്കുന്നതിനും അംഗീകാരം നൽകുന്നതിനും കഴിഞ്ഞു. തിരുവിതാംകൂറിലെ പ്രഗത്ഭനായ വിദ്യാഭ്യാസ പ്രവർത്തകനായിരുന്നു.

സഭയിലെ അത്മായ നേതാക്കന്മാരിൽ പ്രമുഖനായിരുന്ന ഇദ്ദേഹം മലങ്കര സഭാ ഭരണഘടന എഴുതിയുണ്ടാക്കുന്നതിനു രൂപവൽക്കരിച്ച കമ്മിറ്റിയുടെ കൺവീനറായിരുന്നു. അദ്ദേഹം തയ്യാറാക്കിയ ഭരണഘടനാ വ്യവസ്ഥകളാണ് പിന്നീട് ചില ഭേദഗതികളോടെ മലങ്കര അസ്സോസിയേഷൻ പാസാക്കിയത്. 1935-ൽ 'കാതോലിക്കാ നിധി' ശേഖരണ പ്രസ്ഥാനത്തിൽ അതിന്റെ ജീവനാഡിയായി പ്രവർത്തിച്ചു. മലങ്കരയിലുടനീളം സഞ്ചരിച്ച് പ്രസംഗിച്ചും, ഉത്തേജനജനകങ്ങളായ ലഘുലേഖകൾ പ്രസിദ്ധപ്പെടുത്തിയും, പത്രങ്ങളിൽ ലേഖനങ്ങളും കവിതകളും എഴുതിയും നിധിസംഭരണം വിജയപ്രദമാക്കി. അതിന്റെ റിപ്പോർട്ട് ഒരു ബൃഹദ്ഗ്രന്ഥമായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

ഏതാണ്ട് ഒന്നര വ്യാഴവട്ടക്കാലത്തെ അദ്ദേഹത്തിന്റെ തപസ്യയിലൂടെ മലയാള സാഹിത്യത്തിനു ലഭിച്ച ഒരു ബൃഹദ്ഗ്രന്ഥമാണ് 'ഹൈന്ദവ ധർമ്മ സുധാകരം'. കൈയെഴുത്തിൽ ഏതാണ്ട് മുപ്പതിനായിരം പേജ് വരുന്ന ഈ ഗ്രന്ഥം 20 വാല്യങ്ങളായിട്ടാണ് എഴുതിയിട്ടുള്ളത്. അതിൽ മൂന്നു വാല്യങ്ങൾ മാത്രമെ അദ്ദേഹത്തിന്റെ കാലത്ത് പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. വിദ്യാഭ്യാസ വിഷയകമായി പല കൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്. മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത അപസർപ്പക നോവലായ 'കാലന്റെ കൊലയറ' ഇദ്ദേഹത്തിന്റെ പ്രസിദ്ധമായ കൃതിയാണ്. 'മിശിഹാ ഭക്തിലഹരി', 'ക്രൈസ്തവ ധർമ്മ നവനീതം' (അപ്പോസ്തല പ്രവൃത്തികളുടെ വ്യാഖ്യാന പഠനം), 'കാതോലിക്കാ സിംഹാസന ചരിത്രം' എന്നിവയാണ് മറ്റ് കൃതികൾ. 1944 ഫെബ്രുവരി 1-ന് അന്തരിച്ചു. കോട്ടയം നിലയ്ക്കൽ പള്ളിയിൽ കബറടക്കി.



സി. പി. തരകൻ (28-6-1890 - 31 -7-1936)

ആലുവായ്ക്കടുത്ത് പള്ളിക്കരയിൽ പുരാതനമായ ചിറ്റേത്തു കുടുംബത്തിൽ ചെറിയ തരകന്റേയും പറവൂർ കുളങ്ങര എലിശുബ ചാണ്ടിയുടേയും മകനായി 28-6-1890 ൽ ജനിച്ചു. വളരെ ചെറുപ്പത്തിലേ തന്നെ പൊതുകാര്യങ്ങളിൽ വ്യാപൃതനായിരുന്ന തരകൻ വിവിധ കാലങ്ങളിൽ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിലും ലെജിസ്ലേറ്റീവ് അസംബ്ലിയിലും അംഗമായിരുന്നു. (എം.എൽ.സി., എം.എൽ.എ.).

വിദ്യാഭ്യാസകാര്യങ്ങളിൽ തല്പരനായി ആലുവ യു.സി. കോളജ്, ക്രിസ്ത്യൻ മഹിളാലയം, കോതമംഗലം മാർ ബേസിൽ ഹൈസ്കൂൾ, കിഴക്കമ്പലം സ്വർണ്ണത്ത് സ്കൂൾ, മോറക്കാല സെന്റ് മേരീസ് സ്കൂൾ എന്നിവയുടെ പ്രവർത്തനങ്ങളിൽ പങ്കു വഹിച്ചു. അലുവാ കേന്ദ്രീകരിച്ചു പ്രവർത്തിച്ച ഇന്ത്യൻ സിറ്റിസൺസ് ബാങ്കിന്റെ ചെയർമാൻ ആയിരുന്നു. നിവർത്തന പ്രസ്ഥാനത്തിന്റെ മുൻനിരയിൽ നിന്നു പ്രവർത്തിച്ചു. എം.ഡി. സിമ്മനാരി സ്കൂളിലെ വിദ്യാഭ്യാസകാലത്ത് വട്ടശ്ശേരിൽ തിരുമേനി, പണിക്കരച്ചൻ (മാർ ഈവാനിയോസ്), കെ. സി. മാമ്മൻ മാപ്പിള തുടങ്ങിയവരുമായി അടുത്തിടപഴകുവാനും അതുവഴി സഭാകാര്യങ്ങളിൽ ഇടപെടുവാനും സഭയുടെ പ്രധാനമായ പല ആലോചനായോഗങ്ങളിൽ പങ്കെടുക്കുവാനും ഇടവന്നു.

അങ്കമാലി ഭദ്രാസനത്തിൽ കാതോലിക്കാ പക്ഷം താരതമ്യേന ബലഹീനമായിരുന്ന ആദ്യകാലത്തുതന്നെ പള്ളിക്കരയിൽ തരകൻ കുടുംബത്തിന്റെ വകയായി ഒരു പള്ളി ഉയർന്നു. 1930-ൽ ഗീവറുഗീസ് ദ്വിതീയൻ ബാവാ കൂദാശ ചെയ്തു. കാൽ നൂറ്റാണ്ടിനു ശേഷം അത് കാതോലിക്കാ സിംഹാസനത്തിലേക്ക് എഴുതിക്കൊടുത്തു. കാതോലിക്കാ പക്ഷത്ത് ഉറച്ചുനിൽക്കുമ്പോഴും സഭയിലെ ഇരുവിഭാഗങ്ങളും യോജിച്ച് ശക്തിപ്രാപിച്ച് മുന്നോട്ടു പോകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. തന്റെ കാലത്തു നടന്ന സമാധാനശ്രമങ്ങളിലെല്ലാം അദ്ദേഹം അകമഴിഞ്ഞ് പരിശ്രമിച്ചു. പാത്രിയർക്കീസ് പക്ഷത്തെ പ്രധാനികളായിരുന്ന കോനാട്ട് മാത്തൻ മല്പാനും, സി. ജെ. കുര്യനുമായുണ്ടായിരുന്ന അടുത്ത കുടുംബബന്ധങ്ങളും അത്താനാസ്യോസ് തിരുമേനിയുമായുണ്ടായിരുന്ന സൗഹൃദവും അവരുമായി തുറന്നു സംസാരിക്കുന്നതിനു സഹായിച്ചു.


കോനാട്ട് മല്പാനച്ചന്റെ ജീവിതാവസാനകാലത്ത് വട്ടശ്ശേരിൽ തിരുമേനിയെ കാണണമെന്ന ആഗ്രഹം പ്രകടിപ്പിച്ച് എഴുതുകയും തിരുമേനി അതിനായി പോകുവാൻ തയാറായി ദിവസം നിശ്ചയിച്ച് എഴുതുകയും അന്ന് തരകൻ കൂടി പാമ്പാക്കുട ചെല്ലണമെന്ന് ആവശ്യപ്പെട്ട് എഴുതുകയും ചെയ്തിരുന്നു. പക്ഷേ പറഞ്ഞ ദിവസത്തിന് രണ്ടു ദിവസം മുമ്പ് മല്പാനച്ചൻ ദിവംഗതനായി. സി. പി. തരകൻ തന്റെ നാല്പത്താറാം വയസ്സിൽ 31-7-1936 ൽ അന്തരിച്ചു.

നെടുമ്പാശ്ശേരി വയലിപറമ്പിൽ കോരയുടെ മകൾ മേരിയെ വിവാഹം കഴിച്ചു. നാലു മക്കൾ: ബെസ്സി, സൂസി, മോളി, ജോർജ്ജ്. ബെസ്സിയെ കുന്ദംകുളത്ത് ചീരൻ മാത്യു വിവാഹം കഴിച്ചു. മോളിയെ അയ്യമ്പിള്ളി മഴുവഞ്ചേരിപറമ്പത്ത് ഡോ. എം. സി. ജേക്കബ് വിവാഹം കഴിച്ചു. മകൻ അഡ്വ. ജോർജ്ജ് തരകൻ കോട്ടയത്ത് കുരിശുംമൂട്ടിൽ ചെറിയാന്റെ (പാപ്പി) മകൾ ഡെയ്സിയെ വിവാഹം കഴിച്ചു. അവിവാഹിതയായിരുന്ന സൂസി ഡൽഹി നാഷണൽ ഫിസിക്കൽ ലബോറട്ടറിയിലും സെൻട്രൽ സെക്രട്ടറിയേറ്റിലും ഉദ്യോഗങ്ങൾ വഹിച്ചിരുന്നു.

അഡ്വ. പി. റ്റി. ഈപ്പനെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമായിട്ടില്ല.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



ദീന



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

യാക്കോബിന്റെയും ലേയയുടെയും മകളായ ദീനായ്ക്ക് ബൈബിളിൽ താരതമ്യേന ചെറുതെങ്കിലും പ്രധാനപ്പെട്ട ഒരു സ്ഥാനമുണ്ട്. ബൈബിൾ വിവരണത്തിലെ കേന്ദ്ര വ്യക്തികളിൽ ഒരാളല്ലെങ്കിലും, കുടുംബ ചലനാത്മകത, സാംസ്കാരിക മാനദണ്ഡങ്ങൾ, ധാർമ്മിക പാഠങ്ങൾ എന്നിവയുടെ വിവിധ വിഷയങ്ങളുമായി അവൾ ഇഴചേർന്നിരിക്കുന്നു. ദീനായെക്കുറിച്ചുള്ള ബൈബിൾ വിവരണം പ്രധാനമായും ഉല്പത്തി 34-ൽ കാണപ്പെടുന്നു, കൂടാതെ അവളുടെ സ്വഭാവവും കഥയും, പുരാതന ലോകത്തിലെ നീതി, ബഹുമാനം, സ്ത്രീകളോടുള്ള പെരുമാറ്റം എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉയർത്തുന്നു.

ദീനായുടെ സഹോദരന്മാരുടെ കഥകൾ - പ്രത്യേകിച്ച് യോസേഫിന്റെയും യഹൂദയുടെയും കഥകൾ പരാമർശിക്കുന്ന സന്ദർഭത്തിൽ ദീനായുടെ സാന്നിധ്യം അതുല്യമാണ്. ബൈബിളിലെ ഒരു സ്ത്രീ കഥാപാത്രം ഒരു മുഴുവൻ അധ്യായത്തിന്റെയും കേന്ദ്രബിന്ദുവാകുന്ന ചുരുക്കം ചില സന്ദർഭങ്ങളിൽ ഒന്നാണ് എന്നതിനാൽ ദീനായുടെ കഥ വേറിട്ടുനിൽക്കുന്നു.

1. സഹോദരന്മാരുടെ പ്രതികാരം

ദീന കനാൻ ദേശത്തെ സ്ത്രീകളെ സന്ദർശിക്കുമ്പോൾ, നഗരത്തിലെ ഭരണാധികാരിയായ ഹിവ്യനായ ഹാമോരിന്റെ മകനായ ശെഖേം അവളെ കാണുകയും തുടർന്ന് അവൾക്ക് പോരായ്ക വരുത്തുകയും ചെയ്യുന്നു.

ദീനായ്ക്ക് പോരായ്ക വരുത്തിയതിന് മറുപടിയായി, അവളുടെ സഹോദരന്മാർ ശെഖേമിനോടും അവന്റെ നഗരത്തോടും പ്രതികാരം ചെയ്യാൻ ഒരു പദ്ധതി തയ്യാറാക്കുന്നു. നഗരത്തിലെ എല്ലാ പുരുഷന്മാരെയും പരിച്ഛേദന ചെയ്യണമെന്ന വ്യവസ്ഥയിൽ ശെഖേമിനെ, ദീനയെ വിവാഹം കഴിക്കാൻ അനുവദിക്കാൻ അവർ വഞ്ചനാപരമായി സമ്മതിക്കുന്നു. നഗരത്തിലെ പുരുഷന്മാർ സമ്മതിക്കുമ്പോൾ, ശിമയോനും ലേവിയും അവരുടെ സഹോദരന്മാരോടൊപ്പം നഗരത്തിൽ ഒരു കനത്ത ആക്രമണം അഴിച്ചുവിടുകയും എല്ലാ പുരുഷന്മാരെയും കൊല്ലുകയും സ്ത്രീകളെയും കുട്ടികളെയും ബന്ദികളാക്കുകയും ചെയ്യുന്നു. ഈ പ്രതികാര നടപടി ധാർമ്മിക ചോദ്യങ്ങൾ ഉയർത്തുന്നു, പ്രത്യേകിച്ച് അവരുടെ സഹോദരിക്കെതിരായ കുറ്റകൃത്യത്തിന് മറുപടിയായി സഹോദരന്മാരുടെ പ്രവർത്തനങ്ങൾ എത്രത്തോളം ന്യായീകരിക്കപ്പെട്ടു എന്നതിനെക്കുറിച്ച്. അവരുടെ കോപം മനസ്സിലാക്കാവുന്നതാണെങ്കിലും, ദീനയോടുള്ള അവരുടെ ആശങ്ക ഭാഗികമായി, സ്വന്തം താൽപ്പര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു കാരണമായിരുന്നുവെന്ന് അവരുടെ പ്രതികാരത്തിന്റെ ക്രൂരത സൂചിപ്പിക്കുന്നു.

2. സാംസ്കാരികവും സാമൂഹികവുമായ പശ്ചാത്തലം

ദീനയുടെ കഥ പുരാതന മധ്യപൂർവദേശത്തിന്റെ സാംസ്കാരിക മാനദണ്ഡങ്ങളെയും ലിംഗപരമായ പ്രതീക്ഷകളെയും എടുത്തു കാണിക്കുന്നു. ബൈബിൾ കാലഘട്ടത്തിലെ സ്ത്രീകളെ പലപ്പോഴും അവരുടെ പിതാക്കന്മാരുടെയോ ഭർത്താക്കന്മാരുടെയോ സ്വത്തായിട്ടാണ് കണ്ടിരുന്നത്, അവരുടെ സാമൂഹിക പദവി പലപ്പോഴും അവരുടെ പുരുഷ ബന്ധുക്കളുടെ ബഹുമാനവും സത്യസന്ധതയുമായി ബന്ധപ്പെട്ടിരുന്നു. ശെഖേം ദീനയെ തട്ടിക്കൊണ്ടുപോയ പ്രവൃത്തി അവളുടെ വ്യക്തിപരമായ അന്തസ്സിന്റെ ലംഘനം മാത്രമല്ല, അവളുടെ പിതാവായ യാക്കോബിന്റെയും കുടുംബത്തിന്റെയും ബഹുമാനത്തിനെതിരായ ഒരു അപമാനവുമായിരുന്നു. തൽഫലമായി, അവളുടെ സഹോദരന്മാർ, പ്രത്യേകിച്ച് ശിമയോനും ലേവിയും, കുടുംബപരമായ കടമയുടെ പേരിൽ മാത്രമല്ല, അവരുടെ കുടുംബത്തിന്റെ ബഹുമാനം സംരക്ഷിക്കുന്നതിനുമായി പ്രവർത്തിച്ചു. പല തരത്തിൽ, ദീനയുടെ സഹോദരന്മാരുടെ പ്രതികരണം പുരാതന സമൂഹത്തിൽ ബഹുമാനത്തിന്റെയും പ്രശസ്തിയുടെയും പ്രാധാന്യത്തെ പ്രതിഫലിപ്പിക്കുന്നു. ഒരു സ്ത്രീ എന്ന നിലയിൽ ദീനയ്ക്ക് സാഹചര്യത്തോട് പ്രതികരിക്കാനുള്ള സ്വാതന്ത്ര്യമോ കഴിവോ ഉണ്ടായിരുന്നില്ല.

3. ദീനയുടെ നിശബ്ദത

ദീനായുടെ കഥയിലെ ഏറ്റവും ശ്രദ്ധേയമായ വശങ്ങളിലൊന്ന് അവളുടെ നിശബ്ദതയാണ്. ബൈബിൾ വാചകത്തിലുടനീളം അവൾ സംസാരിക്കുന്നില്ല. പുരാതന ലോകത്തിലെ സ്ത്രീകൾക്ക് മേൽ ചുമത്തിയിരിക്കുന്ന സാമൂഹികവും സാംസ്കാരികവുമായ നിയന്ത്രണങ്ങളെ പ്രതിഫലിപ്പിക്കുന്നതിനാൽ ഈ ശബ്ദക്കുറവ് പ്രധാനമാണ്. ഒരു പുരുഷാധിപത്യ സമൂഹത്തിൽ ദീനയുടെ ശക്തിയില്ലായ്മയെ എടുത്തുകാണിക്കുന്നതിനുള്ള ഒരു സന്ദർഭമായി ഇതിനെ വ്യാഖ്യാനിക്കാം. ശിമയോനിന്റെയും ലേവിയുടെയും നേതൃത്വത്തിൽ അവളുടെ സഹോദരന്മാർ, ദീനയുടെ പങ്കാളിത്തമില്ലാതെ, തങ്ങളുടെ സഹോദരിക്കെതിരെ ചെയ്ത തെറ്റിന് നീതി തേടുന്ന പങ്ക് ഏറ്റെടുക്കുന്നു. കുടുംബത്തിലെ പുരുഷ തലവന്മാർ എന്ന നിലയിൽ അവളുടെ സഹോദരന്മാർക്ക് പ്രതിപകരം തേടേണ്ട ഉത്തരവാദിത്തമുണ്ടെന്ന് തോന്നി. കുറ്റകൃത്യത്തിന്റെ അനന്തരഫലങ്ങളും പ്രതികാരവും, കുടുംബപരവും സമൂഹപരവുമായ ബഹുമാനം പരമപ്രധാനവും സ്ത്രീകളുടെ വ്യക്തിപരമായ അന്തസ്സ് പലപ്പോഴും പുരുഷ അധികാരത്തിനും പ്രശസ്തിക്കും കീഴ്പ്പെട്ടതായിരുന്നു.

4. ദൈവശാസ്ത്രപരവും ധാർമ്മികവുമായ പാഠങ്ങൾ

ദൈവശാസ്ത്രപരവും ധാർമ്മികവുമായ പാഠങ്ങൾ ദീനായുടെ കഥയിലുണ്ട്. അതിൽ പ്രധാനം നീതിയുടെ ആശയമാണ്, പ്രത്യേകിച്ച് പ്രതികാരം നടപ്പിലാക്കുന്ന രീതിയിൽ. ദീനായുടെ സഹോദരന്മാർക്ക് ന്യായീകരിക്കാവുന്ന കോപം ഉണ്ടായിരുന്നിരിക്കാമെങ്കിലും, അവരുടെ അക്രമാസക്തമായ പ്രതികരണം പ്രതികാരത്തിന്റെ ധാർമ്മികതയെക്കുറിച്ചുള്ള പ്രധാന ചോദ്യങ്ങൾ ഉയർത്തുന്നു. ബൈബിൾ, തുടർന്നുള്ള വിവരണങ്ങളിൽ, കാര്യങ്ങൾ സ്വന്തം കൈകളിലേക്ക് എടുക്കുന്നതിനുപകരം മറ്റേ കവിൾ തിരിക്കുകയോ ന്യായവിധി ദൈവത്തിന് വിട്ടുകൊടുക്കുകയോ ചെയ്യുക എന്ന ആശയത്തിന് മുൻതൂക്കം കൊടുക്കുന്നു. ശെഖേമിലെ പുരുഷന്മാരുടെ കൂട്ടക്കൊല ആത്യന്തികമായി അമിതമായ പ്രതികാര നടപടിയായി കാണപ്പെടുന്നു, ദൈവം അത് അംഗീകരിക്കുന്നതായി തോന്നുന്നില്ല, കാരണം ആ സംഭവത്തിൽ സ്ത്രീകളോടുള്ള പെരുമാറ്റത്തെ

ക്കുറിച്ചും അവരുടെ കർതൃത്വത്തെക്കുറിച്ചും ചോദ്യങ്ങൾ ഉയർത്തുന്നു. ഈ പ്രത്യേക സംഭവത്തിൽ അവളെ ഒരു ഇരയായി ചിത്രീകരിച്ചിട്ടുണ്ടെങ്കിലും, അതിൽ അവളുടെ സ്വഭാവത്തിന് കാര്യമായ വികാസം നൽകുന്നില്ല. അവളുടെ കഥയിലുടനീളം ദീനയുടെ ശബ്ദത്തിന്റെ അഭാവം ബൈബിൾ വിവരണങ്ങളിൽ സ്ത്രീകളുടെ അരികുവൽക്കരണത്തിന്റെ വിശാലമായ പ്രമേയത്തെ സൂചിപ്പിക്കുന്നു. എന്നിരുന്നാലും, ബൈബിളിലെ ഒരു പ്രധാന നിമിഷമാണ് അവളുടെ കഥ, കാരണം അത് സ്ത്രീകളുടെ ദുർബലതയെയും വലിയ കുടുംബ, സാമൂഹിക പോരാട്ടങ്ങളിൽ അവരെ സ്വത്തായോ കരുക്കളായോ പരിഗണിക്കുന്നതിന്റെ അനന്തരഫലങ്ങളെയും പരിഗണിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

ദീനായുടെയും ശെഖേമിന്റെയും കഥ ദൈവശാസ്ത്രപരവും ധാർമ്മികവുമായ പ്രധാനപ്പെട്ട ചോദ്യങ്ങൾ ഉയർത്തുന്നു. ചിലർ ന്യായീകരിച്ചതായി കാണുന്ന ശിമയോന്റെയും ലേവിയുടെയും പ്രതികാര പ്രവൃത്തി പിന്നീട് ഇസ്രായേലിന്റെ ചരിത്രത്തിൽ അപലപിക്കപ്പെട്ടിരിക്കുന്നു. ഉല്പത്തി 49:5–7–ൽ, യാക്കോബ് തന്റെ പുത്രന്മാർക്ക് അന്തിമ അനുഗ്രഹം നൽകുമ്പോൾ, ശിമയോന്റെയും ലേവിയുടെയും അക്രമാസക്തമായ പ്രവൃത്തികളെക്കുറിച്ച് അദ്ദേഹം നിഷേധാത്മകമായി സംസാരിക്കുന്നു, ഇസ്രായേൽ ജനതയുടെ വിശാലമായ ധാർമ്മിക ചട്ടക്കൂടിൽ അത്തരം പ്രതികാര പ്രവർത്തനങ്ങൾ അംഗീകരിക്കപ്പെട്ടിട്ടില്ലെന്ന് സൂചിപ്പിക്കുന്നു.

അവതരണത്തിലുടനീളം ദീനയുടെ വികാരങ്ങളെയും ശബ്ദത്തെയും ചുറ്റിപ്പറ്റിയുള്ള നിശബ്ദത പിരിമുറുക്കത്തിന്റെ ഒരു സൂചനയാണ്. ബൈബിൾ അവളുടെ കാഴ്ചപ്പാട് നൽകുന്നില്ല. ദീനയുടെ സഹോദരന്മാരുടെ പ്രവൃത്തികളും സംഭവങ്ങളോടുള്ള യാക്കോബിന്റെ കൂടുതൽ നിഷ്ക്രിയ പ്രതികരണവും തമ്മിലുള്ള വ്യത്യാസം കുടുംബ വിശ്വസ്തതയും വ്യക്തിപരമായ നീതിയും തമ്മിലുള്ള ഒരു പിരിമുറുക്കത്തെ വ്യക്തമാക്കുന്നു. അനീതിക്ക് മുന്നിൽ യാക്കോബിന്റെ പ്രാരംഭ നിഷ്ക്രിയത്വം അദ്ദേഹത്തിന്റെ മൊത്തത്തിലുള്ള സ്വഭാവത്തിന്റെ സൂചനയായി കാണാൻ കഴിയും, നീതി നടപ്പാക്കുന്നതിനോ ധാർമ്മിക തത്വങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനോ പകരം സമാധാനം നിലനിർത്തുന്നതിലും കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിലും അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചതായി പലപ്പോഴും കാണാം.

ഷെക്കേം നഗരത്തിനെതിരായ അക്രമാസക്തമായ പ്രതികാരത്തിനുശേഷം, ദീനയുടെ കഥ ബൈബിൾ വിവരണത്തിൽ നിന്ന് മങ്ങുന്നു. സംഭവത്തിന് ശേഷമുള്ള അവളുടെ വൈകാരികമോ മാനസികമോ ആയ അവസ്ഥയെക്കുറിച്ചും അവളുടെ ഭാവിയെക്കുറിച്ചും ഒരു പരാമർശവുമില്ല. ഈ നിശബ്ദത, ബൈബിൾ കഥയിൽ സ്ത്രീകളെ പശ്ചാത്തല കഥാപാത്രങ്ങളായി പരിഗണിക്കുന്ന പ്രമേയത്തെ ശക്തിപ്പെടുത്തുന്നു. അവളുടെ സഹോദരന്മാരിലും അവരുടെ പ്രവൃത്തികളുടെ ധാർമ്മിക പ്രത്യാഘാതങ്ങളിലും വിവരണം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എന്നിരുന്നാലും, ദീനയുടെ പാരമ്പര്യം പ്രധാനമാണ്. ബൈബിൾ കഥകളിൽ നീതി, പ്രതികാരം, കുടുംബ ബഹുമാനം എന്നിവ പരസ്പരം കൂടിച്ചേരുന്ന സങ്കീർണ്ണവും ചിലപ്പോൾ അസ്വസ്ഥതയുളവാക്കുന്നതുമായ വഴികൾ ഈ സംഭവം പ്രകടമാക്കുന്നു. ഇസ്രായേലിന്റെ വികസിച്ചുകൊണ്ടിരിക്കുന്ന ചരിത്രത്തിൽ കേന്ദ്ര പങ്ക് വഹിക്കുന്ന യാക്കോബിന്റെ കുടുംബത്തിന്റെ വിശാലമായ വിവരണത്തിനും ഇത് സംഭാവന നൽകുന്നു.

ബൈബിളിൽ സ്ത്രീകളുടെ അനുഭവങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുകയോ പുരുഷ പ്രവൃത്തികളാൽ മറയ്ക്കപ്പെടുകയോ ചെയ്തതിന്റെ ഒരു ഉദാഹരണമായി ദീനയുടെ കഥ കണക്കാക്കാം. കൂടാതെ നീതിക്കും പ്രതികാരത്തിനും ഇടയിലുള്ള പിരിമുറുക്കത്തെയും ഈ പിരിമുറുക്കങ്ങൾ പൊരുത്തപ്പെടുത്തുന്നതിൽ പരാജയപ്പെടുന്നതിന്റെ അനന്തരഫലങ്ങളെയും അവളുടെ സഹോദരന്മാരുടെ പ്രവൃത്തികൾ പ്രതിഫലിപ്പിക്കുന്ന രീതിയും ഇവിടെ കാണാം.

ദീനയുടെ സമ്മതമില്ലാതെ അവളെ തട്ടിക്കൊണ്ടുപോകുന്ന ശെഖേമുമായുള്ള ഏറ്റുമുട്ടൽ, മറ്റുള്ളവരുടെ വ്യക്തിപരമായ അതിരുകളെയും സ്വയംഭരണത്തെയും ബഹുമാനിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. ദീനയ്ക്ക് പോരായ്മ വരുത്തിയതിനുശേഷം, ശിമയോനിന്റെയും ലേവിയുടെയും നേതൃത്വത്തിൽ അവളുടെ സഹോദരന്മാർ ഷെക്കെമിലെ പുരുഷന്മാരെ വഞ്ചിച്ചും ആക്രമിച്ചും പ്രതികാരം ചെയ്യാൻ ശ്രമിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾ പ്രതികാരത്തിന്റെ വിനാശകരമായ സ്വഭാവത്തെയും പ്രതികാരത്തിനുപകരം നിയന്ത്രണത്തിന്റെയും നീതിയുടെയും ആവശ്യകതയെയും കാണിക്കുന്നു. ദീനയുടെ സഹോദരന്മാർ അവളുടെ പ്രതിരോധമാണെന്ന് അവർ വിശ്വസിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നു, കുടുംബങ്ങൾക്ക് അവരുടെ അംഗങ്ങൾക്ക് വഹിക്കാൻ കഴിയുന്ന സംരക്ഷണത്തിന്റെ പങ്ക് എടുത്തുകാണിക്കുന്നു. എന്നിരുന്നാലും, സംരക്ഷണത്തിന്റെ പേരിൽ അമിതമായതോ തെറ്റായതോ ആയ പ്രവൃത്തികൾക്കെതിരെയും ഇത് മുന്നറിയിപ്പ് നൽകുന്നു. തന്റെ മക്കളുടെ പ്രവൃത്തികളോടുള്ള യാക്കോബിന്റെ പ്രതികരണം, കുടുംബത്തിന്റെ പ്രശസ്തിക്കുണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശങ്ക, എന്നിവ കുടുംബത്തിലും സമൂഹത്തിലും ധാർമ്മികവും ബുദ്ധിപരവുമായ നേതൃത്വത്തിന്റെ പ്രാധാന്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. സങ്കീർണ്ണവും ദാരുണവുമാണെങ്കിലും, ഈ വിഷയങ്ങൾ നീതിയെക്കുറിച്ചും മറ്റുള്ളവരോടുള്ള ബഹുമാനത്തെക്കുറിച്ചും പ്രയാസകരമായ സാഹചര്യങ്ങളോട് പ്രതികരിക്കുന്നതിൽ കുടുംബത്തിന്റെയും നേതൃത്വത്തിന്റെയും പങ്കിനെക്കുറിച്ചും ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു.

കൂടാതെ, അക്രമത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ചും കരുണയോടെ മയപ്പെടുത്തിയ നീതിയുടെ പ്രാധാന്യത്തെക്കുറിച്ചും മുന്നറിയിപ്പ് നൽകുന്ന കഥയായും ഇതിനെ കാണാം. മനുഷ്യബന്ധങ്ങളുടെ സങ്കീർണ്ണത, നീതിക്കുവേണ്ടിയുള്ള പോരാട്ടം, തെറ്റുകൾ നേരിടുമ്പോൾ ധാർമ്മിക പെരുമാറ്റത്തിന്റെ ആവശ്യകത എന്നിവയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണിത്.



സാൻ ജോർജിയൻ സത്ക്രിയ അവാർഡ് ഫാ. ഗബ്രിയേൽ ജോസഫിന് സമ്മാനിക്കും. പത്തനംതിട്ട മാർ യൗസേബിയസ് പാലിയേറ്റീവ് കെയർ ഡയറക്ടറും പുത്തൻപീടിക വടക്ക് സെന്റ് സെൻറ് മേരീസ് ഇടവക വികാരിയുമാണ്.



പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നടന്ന പ്രവാസി സംഗമത്തിൽ ഓസ്ട്രേലിയൻ മന്ത്രി ജിൻസൻ ആന്റോ ചാൾസ് മുഖ്യസന്ദേശം നൽകുന്നു.

ആമോസ് പി. തോമസ് ബോട്ടണിയിൽ എം.ജി. യൂണിവേഴ്‌സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇടുക്കി ജില്ലയിൽ കണ്ടുവരുന്ന ചിലതരം ഫേണുകളെ (Phytochemistry and Bioactivity studies of selected Ferns, Idukki District, Kerala) കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണം. വെട്ടിക്കൽ ദയറായിലെ MKM സണ്ടേസ്ക്കൂളിന്റെ ഹെഡ്മാസ്റ്ററാണ്.



വചനതീർത്ഥം



ദനഹായ്ക്കു ശേഷം നാലാം ഞായർ

(വി. മർക്കോസ് 6:1–6)

ഫാ. മോൻസി ഫിലിപ്പ്

ദനഹായ്ക്കു ശേഷം നാലാം ഞായർ – പരസ്യശുശ്രൂഷ കാലം. കഫർന്നഹൂമും, ഗലീലയിലൊക്കെ സഞ്ചരിച്ച് സ്വന്തം ഭവനത്തിലേക്ക് യേശുതമ്പുരാന്റെ വരവ്. സ്വന്തക്കാർക്ക് അറിഞ്ഞിട്ടും അറിയാത്തവനെപ്പോലെ അപമാനിതനായി ക്രിസ്തു. വലിയ ഒരു യാത്രയ്ക്കു തയ്യാറെടുക്കുന്ന നമ്മൾക്ക് ക്രിസ്തു ആരാണെന്ന് അറിയുവാൻ ഒരു അവസരം കൂടി അതാണ് ഈ ഞായർ.

ഇന്നത്തെ വേദഭാഗം

വി. മർക്കോസ് 6: 1–6

യേശുതമ്പുരാന്റെ പരസ്യശുശ്രൂഷ കാലഘട്ടത്തിൽ ഗലീലയിലും, കഫർന്നഹൂമിലും സഞ്ചരിച്ച് നിരവധി അദ്ഭുതപ്രവർത്തനങ്ങൾ നടത്തുകയും, അനവധി രോഗബാധിതർക്ക് സൗഖ്യം നൽകുകയും ചെയ്തു. മരിച്ചു എന്നു പറഞ്ഞ പള്ളിപ്രമാണിയുടെ മകളെ (വി. മർക്കോസ് 5:35–43) "തലീഥാ കൂമി" എന്ന് പറഞ്ഞ് ഉറക്കത്തിൽ നിന്ന് എന്നപോലെ മരണത്തിൽ നിന്ന് ഉണർത്തി ജീവൻ നൽകിയതിനുശേഷം സ്വന്തം നഗരമായ നസ്രത്തിൽ വരുന്ന ക്രിസ്തു. കൂടെ ശിഷ്യന്മാരും. ശബ്ബത്തായപ്പോൾ (സകല അദ്ധ്വാനങ്ങളിൽ നിന്നും വിശ്രമദിനം) ദേവാലയത്തിൽ ഉപദേശിക്കുമ്പോൾ കേട്ടവർ ഉപദേശത്തിൽ വിസ്മയിച്ചു. "ഇവന് ഇവ എവിടെ നിന്ന്? ഇവനു കിട്ടിയ ഈ ജ്ഞാനവും ഇവന്റെ കൈയാൽ നടക്കുന്ന വീര്യപ്രവൃത്തികളും എന്ത്?" (വി. മർക്കോസ് 6:2) ഇവൻ മറിയയുടെ മകൻ, തച്ചൻ എന്നിങ്ങനെ അപമാനത്തിനു ഇടയാകുന്നു. അതിനു യേശുതമ്പുരാന്റെ മറുപടി "ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും ചാർച്ചക്കാരുടെ ഇടയിലും സ്വന്തഭവനത്തിലും അല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല" (വി. മർക്കോസ് 6:4). ചില രോഗികളെ മാത്രം സൗഖ്യപ്പെടുത്തി, കൂടുതൽ ഒന്നും പ്രവർത്തിച്ചില്ല അവരുടെ അവിശ്വാസം നിമിത്തം. ചുറ്റുമുള്ള സ്ഥലങ്ങളിൽ ഉപദേശിച്ചു സഞ്ചരിച്ചു. വേദഭാഗ ഇതിവൃത്തം.

വേദഭാഗ ചിന്തകൾ

1. സ്വന്ത ഭവനത്തിലേയ്ക്കുള്ള യാത്ര

വി. മർക്കോസ് 6:1

"അവൻ അവിടെ നിന്നു പുറപ്പെട്ട്, തന്റെ പിതൃനഗരത്തിൽ ചെന്നു. അവന്റെ ശിഷ്യന്മാരും അനുഗമിച്ചു."

കഫർന്നഹൂമും, ഗലീലയും, ദെക്കപ്പൊലി ദേശവും ഒക്കെ സഞ്ചരിച്ച് രോഗികളെ സൗഖ്യപ്പെടുത്തി തന്റെ സ്വർഗ്ഗരാജ്യ ആഗമന പ്രസംഗം ഒക്കെ നടത്തി സ്വന്തം ദേശമായ നസ്രത്തിൽ യേശുതമ്പുരാൻ എത്തി. ചെറിയ നഗരമായിരുന്നെങ്കിലും നസ്രത്ത് ക്രിസ്തുവിന്റെ പാഠശാലയാണ്, ക്രിസ്തുവിനെ "ജീവിതശാസ്ത്രം" പഠിപ്പിച്ച ഇടം. ചെറുപ്പം മുതൽ വളർന്ന സ്ഥലം. അവിടേയ്ക്കു ശിഷ്യന്മാരേയും കൂടെ കൂട്ടുന്നു.

ഗൃഹാദുരത്വം ഉണർത്തുന്ന അനുഭവമാണ് സ്വന്തദേശത്തേയ്ക്കുള്ള തിരിച്ചുവരവ്. ഏതൊരു മനുഷ്യനും ആഗ്രഹിക്കുന്ന ഒന്ന്. വിദേശിയും സ്വദേശിയും ആഗ്രഹിക്കുന്നത്. സ്വന്തദേശം സ്നേഹം പ്രധാനം ചെയ്യുന്നു. എന്നാൽ ക്രിസ്തുവിന് അപമാനവും.

സ്വന്തനഗരം അമ്മയാണ്. സ്കൂളിൽ പോയ തന്റെ മക്കളെ വൈകുന്നേരങ്ങളിൽ അമ്മ കാത്തിരിക്കുംപോലെ നമ്മുടെ ഭവനങ്ങൾ നമ്മെ കാത്തിരിക്കുന്നു, മാടി വിളിക്കുന്നു. ഇന്ന് നാം എല്ലാത്തിൽ നിന്നും ഒരുപാട് അകലെയാണ്. ലെഗ്യോൻ ബാധിച്ചവനെപ്പോലെ – കല്ലറകളിലെ പാർപ്പ്, ചങ്ങലകളാൽ ബന്ധിതമായ അവസ്ഥ (വി. മർക്കോസ് 5: 1–20). ഉത്തരവാദിത്വങ്ങളിൽ നിന്ന് അകലെ, ഭവനങ്ങളിൽ നിന്ന് ദൂരെ. ഇതിന് ഒരു അവസാനം അനിവാര്യം. സ്വന്ത ദേശം, ഭവനം ഒരു വികാരമാകണം. ക്രിസ്തു കാട്ടിത്തരുന്നതും ഇതാണ് – സ്വന്തദേശത്തെക്കുറിച്ചുള്ള അഭിമാനം, വികാരവും ഉണർത്തുന്നതിനുള്ള ആഹ്വാനം. എന്നാൽ ക്രിസ്തുവിന് ഏൽക്കേണ്ടിവന്നത് അപമാനമാണെന്ന് തുടർഭാഗങ്ങൾ മനസ്സിലാക്കിത്തരുന്നു. ക്രിസ്തു നസ്രത്തിലേയ്ക്ക് വന്നതിന് ചില കാരണങ്ങൾ, അനുമാനം.

1. നസ്രത്ത് ക്രിസ്തുവിനെ ജീവിതശാസ്ത്രം അഭ്യസിപ്പിച്ച സ്ഥലം.

2. അമ്മയേയും, സഹോദരങ്ങളേയും, ചാർച്ചക്കാരേയും കാണുവാൻ.

3. സ്വന്തം ചാർച്ചക്കാരിലും ആ ദേശത്തും ചിലർ പ്രതിസന്ധിയിൽ ഉണ്ട് എന്ന തിരിച്ചറിവിനാൽ.

2. സ്വന്തം ദേശക്കാരാൽ പരിഹാസം

വി. മർക്കോസ് 6:2–3

നസറെത്തിൽ ശാബതിൽ യേശു നടത്തിയ പ്രസംഗം സ്വന്തം ദേശക്കാരിൽ ഉണ്ടാക്കിയ വിസ്മയം ആണ് പശ്ചാത്തലം. യേശുതമ്പുരാന്റെ അറിവിലും ജ്ഞാനത്തിലും വിസ്മയം പൂണ്ടു. അവന്റെ കുടുംബ തൊഴിൽ പശ്ചാത്തലങ്ങൾ പറഞ്ഞ് പരിഹസിക്കുവാൻ വെമ്പൽ കൊള്ളുന്ന സമൂഹം.

"അതിപരിചയം അവജ്ഞയായീടും."

യേശു നസറെത്തിന് സുപരിചിതൻ, മാതാപിതാക്കൾ ആരെന്നറിയാം, സഹോദരീ സഹോദരങ്ങൾ ചിരപരിചിതർ. അവരൊന്നും വലിയ പേരും പെരുമയും ഇല്ലാത്തവർ. അങ്ങനെയുള്ള കുടുംബത്തിൽ നിന്നു വന്ന യേശുവിന് ഉയരാവുന്നതിന് ഒരു പരിധി ചുറ്റുമുള്ളവരുടെ മനസ്സിലും ഭാവനയിലും ഉണ്ട്. അതിനപ്പുറം ഒരു അംഗീകാരം, സ്ഥാനം നൽകുവാൻ സ്വന്തം ദേശക്കാർ തയ്യാറാകുന്നില്ല. അവൻ അവർക്ക് വെറും തച്ചന്റെ മകൻ മാത്രം.

ഇന്നത്തെ കാലഘട്ടത്തിലും ഇത്തരം ചിന്തകൾ സമൂഹത്തിന്റെ ശാപമാണ്. ആരെയും അംഗീകരിക്കാത്ത മനുഷ്യർ, ഏതിനെയും അവജ്ഞയോടെ കാണുന്ന സമൂഹം. നന്മകളിലെ തിന്മയെ തിരയുന്നവർ. എല്ലാവരിലും ഞാൻ ശ്രേഷ്ഠൻ എന്നു ചിന്തിക്കുന്നവർ. ഇത് വി. പൗലോസ് ശ്ലീഹാ തിരുത്തി എഴുതി.

"ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ" (ഫിലി. 2:3)

"നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിനു വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും." (വി. മത്തായി 7:1)

യേശുവിന്റെ പ്രസംഗം അവർ ശ്രദ്ധിച്ചില്ല. വചനത്തിന്റെ പ്രസക്തിയും, അതിന്റെ ആഴവും ഗ്രഹിച്ചില്ല. പകരം അവരുടെ ചില ചോദ്യങ്ങൾ.

1. ഇവനു ഇവ എവിടെനിന്നു?

2. ഇവനു കിട്ടിയ ഈ ജ്ഞാനവും, അവന്റെ കയ്യാൽ നടക്കുന്ന വീര്യപ്രവൃത്തികളും എന്ത്?

3. അവൻ മറിയയുടെ മകനും, യാക്കോബ്, യോസെ, യൂദാ, ശീമോൻ എന്നിവരുടെ സഹോദരനുമായ തച്ചൻ അല്ലയോ? (വി. മർക്കോസ് 6:2–3)

"ചിലപ്പോൾ ചിലർ അങ്ങനെയാണ് അംഗീകരിക്കില്ല. അപമാനിക്കുകയേയുള്ളു അതാണ് ശീലം."

“സ്വന്തം ദേശം ഒരാളെ സങ്കടപ്പെടുത്തിയതുപോലെ മറ്റൊന്നും ഒരുവനെ ദുഃഖിപ്പിച്ചിട്ടുണ്ടാകില്ല. സ്വന്തം ദേശം നിന്ദിച്ചതുപോലെ മുഴുവൻ ലോകവും ചേർന്ന് ഒരാളെ ചെറുതാക്കിയിട്ടുമില്ല.” ക്രിസ്തു ഈ പൊള്ളൽ നന്നായി അനുഭവിച്ചു. അതിനാൽ ഏറ്റവും നിരാശഭരിതമായി ഇങ്ങനെ മൊഴിഞ്ഞത്.

“പ്രവാചകൻ തന്റെ പിതൃനഗരത്തിലും ചാർച്ചക്കാരുടെ ഇടയിലും സ്വന്ത ഭവനത്തിലും അല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല.”(വി. മർക്കോസ് 6:4)

“എവിടെയെങ്കിലും സഹോദരന്മാർ പരസ്പരം കണ്ടുമുട്ടുകയോ സമ്മേളിക്കുകയോ ചെയ്യുമ്പോൾ അവർ ഒരേ കുടുംബത്തിലെ അംഗങ്ങളാണെന്ന് കാണിച്ചുകൊടുക്കട്ടെ. ഓരോരുത്തനും അപരനിൽ വിശ്വാസമർപ്പിച്ചുകൊണ്ട് തന്റെ ആവശ്യങ്ങൾ വെളിപ്പെടുത്തണം. എന്തെന്നാൽ ഒരമ്മയ്ക്ക് അവളുടെ കുഞ്ഞിനോട് ഇത്ര വലിയ സ്നേഹവും പരിഗണനയും ഉണ്ടെങ്കിൽ, ഒരുവൻ തന്റെ ആത്മീയ സഹോദരന് എത്രയേറെ സ്നേഹവും പരിഗണനയും ശ്രദ്ധയും നൽകേണ്ടിയിരിക്കുന്നു.”

വി. ഫ്രാൻസിസ് അസ്സീസി

3. സ്വന്തം ദേശക്കാരുടെ അവിശ്വാസം നന്മകൾക്ക് തടസ്സം

വി. മർക്കോസ് 6: 5-6

“ഏതാനും ചില രോഗികളുടെ മേൽ കൈവച്ചു സൗഖ്യം വരുത്തിയത് അല്ലാതെ അവിടെ വീര്യപ്രവൃത്തി ഒന്നും ചെയ്‌വാൻ കഴിഞ്ഞില്ല. അവരുടെ അവിശ്വാസം ഹേതുവായി അവൻ ആശ്ചര്യപ്പെട്ടു.”

ദൈവത്തിന്റെ പ്രവർത്തനം ഫലപ്രദമായും പൂർണ്ണമായും ഉണ്ടാകണമെങ്കിൽ അതിന് അനുയോജ്യമായ സാഹചര്യം ഉണ്ടാകണം. ക്രിസ്തുവിൽ വിശ്വാസം അനിവാര്യം. വിശ്വാസമാണ് ദൈവം തന്റെ അനുഗ്രഹങ്ങൾ പ്രാപിക്കേണ്ടതിന് ആധാരമായി വച്ചിരിക്കുന്നത്.

“വിശ്വസിക്കുന്നവന് സകലവും കഴിയും” (വി. മർക്കോസ് 9:23)

‘യേശു തിരിഞ്ഞ് അവളെ കണ്ടപ്പോൾ: മകളേ, ധൈര്യപ്പെടുക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു എന്നു പറഞ്ഞു. ആ നാഴിക മുതൽ സ്ത്രീക്ക് സൗഖ്യം വന്നു.” (വി. മത്തായി 9:22)

“എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലേ.” (എബ്രായർ 11:6)

വിശ്വാസമില്ലായെങ്കിൽ ദൈവാനുഗ്രഹവും ശക്തിയും ലഭിക്കുകയില്ല. സംശയമില്ലാതെ വിശ്വാസത്തോടെ ദൈവത്തിങ്കൽ അടുത്തുവരണം. സംശയിക്കുന്നവൻ കാറ്റടിച്ച് അലയുന്ന കടൽതിരയ്ക്ക് സമൻ. “ഇരുമനസ്സുള്ള മനുഷ്യൻ തന്റെ വഴികളിലൊക്കെയും അസ്ഥിരൻ ആകുന്നു” (യാക്കോ. 1:6-8)

ഭയം വരുമ്പോഴും വിശ്വാസം ഇല്ലാത്തപ്പോഴും ശക്തി കുറയുന്നെന്നും വിശ്വാസം വർദ്ധിക്കുമ്പോൾ ശക്തി വർദ്ധിക്കുമെന്നും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

സ്വന്തം ദേശക്കാരുടെ അവിശ്വാസത്താൽ വലിയ വീര്യപ്രവൃത്തികൾ ചെയ്യുവാൻ യേശുതമ്പുരാന് സാധ്യമാകാതെ വരുമ്പോൾ, അവരുടെ അവിശ്വാസത്തിൽ ആശ്ചര്യപ്പെടുകയും ചെയ്യുന്നു. അവരുടെ അവിശ്വാസം അനേകരുടെ നന്മയെ മുടക്കുന്നു എന്നതാണ്.

ചിലപ്പോഴൊക്കെയുള്ള നമ്മുടെ ചെറിയ അവിശ്വാസങ്ങൾ ചിലയിടങ്ങളിലെ നന്മകളെ മുടക്കുകയും അസ്വസ്ഥതകൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

1. കുടുംബ ബന്ധങ്ങളിൽ
2. സാഹോദര്യ ബന്ധങ്ങളിൽ
3. സാമൂഹ്യ ബന്ധങ്ങളിൽ
4. സഭാ ബന്ധങ്ങളിൽ

ഇതിൽ നിന്നൊക്കെ വ്യത്യസ്തരാകാം. വിശ്വാസത്തിന്റെ ആഴങ്ങളിൽ ബന്ധങ്ങൾ ദൃഢമാക്കാം. നമ്മുടെ വിശ്വാസം ദൈവം നന്മകൾ പ്രവർത്തിക്കുന്നതിനും അനേകർക്ക് നന്മ ലഭിക്കുന്നതിനും ഉള്ള വാതിലുകൾ ആയി തീരട്ടെ.

“ക്രിസ്തു എനിക്ക് പുറത്തുള്ളയാളല്ല, മറിച്ച് ഒരാന്തരിക സാധ്യതകളുടെ പേരാണ്. ഒരുവന്റെ മുഴുവൻ സാധ്യതകളുടെയും പൂവിടൽ.”



പുതുശ്ശേരി എം.ജി.ഡി. ഹൈസ്കൂളിന്റെ നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത നിർവഹിച്ചു.



ചെങ്ങന്നൂർ ഭദ്രാസന വൈദിക സംഘ യോഗം ചെങ്ങന്നൂർ ബഥേൽ അരമനപള്ളിയിൽ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ നടന്നു.

HH Abune Matias welcomed the representatives of Malankara Orthodox Church

Metropolitan Geevarghese Mar Yulios and Father Josi Jacob have come with the message of His Holiness Abune Mathews III. The main aim of the delegation's arrival is to continue with the new churches on spiritual service, health sector, education sector and many other issues. It has been stated that it is to have a possible discussion. It has been said that the Ethiopian Orthodox Tewahdo Church and the Indian Malankara Orthodox Syrian Church that are found abroad are aimed at facilitating a situation where they can get joint service.

His Holiness Abune Matias the first Patriarch of Ethiopia Archbishop Axum Wechege Zemenbere Teklehayimanot expressed that he is happy with the coming of the delegates and constructive ideas, and we thanked the Malankara Orthodox Patriarch of India for sending the delegates and making the agreement restart.

The delegates who were happy with the response and reception of their holiness.

The Patriarch said that after the response of the delegation, Abune Mathews III has given a gift sent to His Holiness Abune Matiyas Ilsawi.

In the discussion, it has been stated that there will be conditions in foreign countries where Ethiopian Orthodox Tewahdo Church and Indian Malankara Orthodox Church are located. As the delegates have stated, they have appreciated the efforts made to spread the church in Arab countries and have given their promise to support the movement in other parts of the world.

Finally, the discussion has been discussed with the summary idea of Abune Matias and giving blessings

Mayaltho

Obedience, Holiness, and Christian Living

Dn. Aaron Joshua John



The Feast of the Presentation of Christ in the Temple (Mayaltho) offers us a profound glimpse into the obedience and holiness of both the Holy Family and the temple itself. It is a moment of fulfilment, where God's promise of salvation is recognized by His people. In the Gospel of St. Luke 2:36-40, we read about Simeon and Anna, two righteous figures who, filled with the Holy Spirit, recognized the infant Jesus as the long-awaited Messiah. This feast reminds us not only of Christ's entry into the temple but also of our own call to enter into the presence of God with reverence, obedience, and holiness. The readings guide us to reflect on the significance of Christian living—marked by wisdom, family relationships, and the testimony of faith—as the true witness to Christ's presence in the world.

1. The Fulfilment of God's Promise: Obedience and Holiness in the Presentation of Christ

In the Leviticus (12:1-8, 19:30-37) readings, we are reminded of God's law regarding purity and the importance of offering sacrifices in gratitude for His blessings. Mary and Joseph's obedience to these laws, despite knowing that their child was the Son of God, exemplifies the humility and faithfulness that we are all called to. St. John Chrysostom writes, "Christ's mother, though she had no need of the purification, yet showed the way of obedience to the law." This act of submission to God's will is a powerful lesson for us to always obey God's commandments, regardless of our circumstances. The prophecy of Isaiah (11:1-10) speaks of the Messiah who will bring peace and justice to the world. Through His presentation, Jesus is revealed as the fulfilment of this promise. As St. Augustine remarks, "Christ is the light that dispels the darkness of sin and guides us to the path of salvation."

In St. Luke 2:36-40, we encounter the prophetic witness of Simeon and Anna. Simeon's words, "For my eyes have seen your salvation, which you have prepared in the sight of all nations" (Luke 2:30-31), echo the fulfilment of God's covenant. Simeon recognizes in the infant Jesus not just a child but the salvation of the world. Through these encounters, we are reminded that Christ's presence in the temple, and indeed in our lives, calls us to live in obedience to God and to reflect His holiness in all we do. As St. Basil the Great states, "The Christian life is one of obedience to God, a life lived in accordance with His will."

2. Christian Living: Wisdom, Family, and Witness in the Light of Christ

The readings from Proverbs (6:20-24, 23:22-26) and Ephesians (3:13-21, 6:1-4) guide us in understanding the importance of wisdom, family relationships, and witness in Christian living. The teachings from Proverbs highlight the role of parents in imparting godly wisdom to their children. St. Chrysostom emphasizes that "The first and greatest task of a Christian parent is to bring their children to the knowledge of Christ, teaching them the ways of righteousness." Just as Mary and Joseph guided Jesus in the ways of the Lord, we are called to nurture and raise our children in faith, setting an example of godliness. The Ephesians passage emphasizes the importance of honouring one's parents and living in the light of Christ's love, reminding us that the family is a crucial space for witnessing God's love.

In Acts 24:10-23, Paul's testimony before Felix shows us the courage to speak the truth in the face of opposition. He proclaims Christ's resurrection and his unwavering faith despite the consequences. St. Ignatius of Antioch writes, "It is better to die for Christ than to live for the world," underscoring the importance of standing firm in our Christian convictions, even in times of trial. The Presentation of Christ in the temple thus calls us to live as faithful witnesses, not just in our personal lives, but in how we nurture our families and communities. As St. Cyril of Alexandria states, "Christ, by His presence in the temple, sanctified it, and by His life, He sanctifies us."

The Feast of the Presentation calls us to reflect on the holiness and obedience exemplified by the Holy Family. Christ's entry into the temple is a call for us to present ourselves before God with reverence, living according to His commandments and recognizing His presence in our lives. We are reminded that Christian living is not just about individual piety but about how we witness to Christ through our families, communities, and the world. As we celebrate this feast, let us follow the example of Simeon and Anna, who recognized the Messiah in their midst, and strive to live lives that reflect the light and love of Christ. May the words of St. Gregory of Nazianzus inspire us: "The true light shines in our hearts, and we are transformed by His glory, made to reflect His image."

ഹൃദയങ്ങളുടെ കാവൽക്കാരൻ

പ. കാതോലിക്കാ ബാവാ

പ്രശസ്ത ഹൃദയശസ്ത്രക്രിയാ വിദഗ്ധൻ പത്മശ്രീ ഡോ.കെ.എം. ചെറിയാന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. രാജ്യത്തെ ആദ്യത്തെ കൊറോണറി ആർട്ടറി ശസ്ത്രക്രിയ നടത്തിയ ഡോക്ടറെന്ന ഖ്യാതി ഈ കായംകുളത്തുകാരന് സ്വന്തം. ഹൃദയശസ്ത്രക്രിയാരംഗത്ത് ഒട്ടേറ സംഭാവനകൾ നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഡോ. ചെറിയാന്റെ കരസ്പർശത്തിലൂടെ ആരോഗ്യസൗഖ്യം നേടിയവർ നിരവധിയാണ്. പരുമല ആശുപത്രിയിൽ ചെറിയാൻ നൽകിയ സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. ഡോ ചെറിയാന്റെ വേർപാടിലൂടെ ഹൃദയങ്ങളുടെ കാവൽക്കാരനെയാണ് നഷ്ടമായിരിക്കുന്നത്. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ ദൈവംതമ്പുരാൻ തന്റെ വലതുകരം നീട്ടി ആശ്വസിപ്പിക്കട്ടെ.

പത്മശ്രീ ഡോ.കെ.എം. ചെറിയാൻ മനുഷ്യ ഹൃദയം തൊട്ടറിഞ്ഞ മനുഷ്യസ്നേഹി

ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത

ചെങ്ങന്നൂർക്കാരൻ എന്ന് ചെങ്ങന്നൂർ നിവാസികൾ അഭിമാനത്തോടെ പറഞ്ഞിരുന്ന പത്മശ്രീ ഡോ. കെ. എം ചെറിയാൻ അന്തരിച്ചു എന്ന വാർത്ത വളരെ ദുഃഖത്തോടെയാണ് ശ്രവിച്ചത്. ചെങ്ങന്നൂർ കോട്ടൂരേത്ത് കുടുംബാംഗമായ അദ്ദേഹം ഇന്ത്യയിലെ ആദ്യത്തെ കൊറോണറി ആർട്ടറിബൈപാസ് സർജൻ എന്ന നിലയിൽ ജനഹൃദയങ്ങളിൽ ഇടം കണ്ടെത്തിയ ഒരു മഹത് വ്യക്തിത്വമായിരുന്നു. വെല്ലൂരിലെ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ സർജറിയിൽ ലക്ചററായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. കാർഡിയോതൊറാസിക് സർജറി, പീഡിയാട്രിക് കാർഡിയാക് സർജറിയിൽ സ്പെഷ്യലിസ്റ്റ് തുടങ്ങിയ മേഖലകളിൽ എല്ലാം തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹം. ഗ്രീസിലെ കോസ് ദ്വീപിലെ കല്ലുകളിലൊന്നിൽ അദ്ദേഹത്തിന്റെ പേര് മറ്റ് മൂന്ന് ഇന്ത്യൻ ശസ്ത്രക്രിയാ വിദഗ്ധർക്കൊപ്പം കൊത്തിവച്ചിട്ടുണ്ട് എന്നത് മലയാളി എന്ന നിലയിലും ചെങ്ങന്നൂർകാരൻ എന്ന നിലയിലും അഭിമാനത്തോടെ അനുസ്മരിക്കുന്നു.

1975-ൽ അദ്ദേഹം ഇന്ത്യയിലെ ആദ്യത്തെ വിജയകരമായ കൊറോണറി ആർട്ടറി ബൈപാസ് സർജറി നടത്തി. ഹൃദയം-ശ്വാസകോശം മാറ്റിവയ്ക്കൽ, ആദ്യത്തെ പീഡിയാട്രിക് ട്രാൻസ്പ്ലാൻറ്, ആദ്യത്തെ ടിഎംആർ (ലേസർ ഹാർട്ട് സർജറി) എന്നിവ നടത്തിയത് അദ്ദേഹമാണ്.

മനുഷ്യഹൃദയം തൊട്ടറിഞ്ഞ മികച്ച ഭിഷഗ്വരൻ എന്ന നിലയിൽ വിവിധ യൂണിവേഴ്സിറ്റികൾ അദ്ദേഹത്തെ ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ചു. കൂടാതെ വൈദ്യശാസ്ത്ര രംഗത്തെ അമൂല്യ സംഭാവനങ്ങളെ അനുസ്മരിച്ച്

1991-ൽ ഇന്ത്യാ ഗവൺമെന്റ് അദ്ദേഹത്തെ പത്മശ്രീ നൽകി ആദരിച്ചു. ഇങ്ങനെ ഒരു പുരുഷായുസ്സിൽ തനിക്ക് ലഭിച്ച കഴിവും സമയവും സാമൂഹ്യ പ്രതിബദ്ധതയോട് വിനിയോഗിച്ച് ജീവിച്ച് കടന്നുപോയ മലങ്കരസഭയുടെ അഭിമാന പുത്രനും, ചെങ്ങന്നൂർ ഭദ്രാസനത്തിലെ ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ ഇടവകാംഗവുമായിരുന്ന പത്മശ്രീ ഡോ. കെ. എം. ചെറിയാന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ എല്ലാ ആദരവുകളും അനുശോചനവും അറിയിക്കുകയും ചെയ്യുന്നു.



ഹൃദയശസ്ത്രക്രിയ വിദഗ്ധൻ ഡോ. കെ. എം. ചെറിയാൻ അന്തരിച്ചു

പ്രശസ്ത ഹൃദയശസ്ത്രക്രിയ വിദഗ്ധൻ കെ.എം. ചെറിയാൻ (82) അന്തരിച്ചു. ബെംഗളൂരുവിൽ വച്ചായിരുന്നു അന്ത്യം. ഹൃദയ ശസ്ത്രക്രിയ രംഗത്തെ അതുല്യ പ്രതിഭയാണ് വിടവാങ്ങുന്നത്. രാജ്യത്തെ ആദ്യത്തെ കൊറോണറി ആർട്ടറി ബൈപാസ് ശസ്ത്രക്രിയ നടത്തിയ ഡോക്ടറാണ് ചെറിയാൻ.

ആദ്യത്തെ പീഡിയാട്രിക് ഹാർട്ട് ട്രാൻസ്പ്ലാന്റ്, ആദ്യത്തെ ലേസർ ഹാർട്ട് സർജറി എന്നിവ നടത്തിയതും അദ്ദേഹമാണ്. 1990 മുതൽ 1993 വരെ രാഷ്ട്രപതിയുടെ ഓണററി സർജനായിരുന്ന അദ്ദേഹത്തെ രാജ്യം 1991-ൽ പത്മശ്രീ നൽകി ആദരിച്ചു. 1942ൽ കായംകുളത്ത് ജനിച്ച കെ.എം. ചെറിയാൻ, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിൽ ലക്ചററായാണ് ഔദ്യോഗിക ജീവിതം തുടങ്ങിയത്. വേൾഡ് കോൺഗ്രസ് ഓഫ് തൊറാസിക് കാർഡിയാക് സർജൻ പ്രസിഡന്റാകുന്ന ആദ്യ ഇന്ത്യക്കാരനും അമേരിക്കൻ അസോസിയേഷൻ ഓഫ് തൊറാസിക് സർജറിയിലെ, ഇന്ത്യയിൽ നിന്നുള്ള ആദ്യ അംഗവുമായിരുന്നു.

ചെന്നൈയിലെ മദ്രാസ് മെഡിക്കൽ മിഷന്റെ സ്ഥാപക വൈസ് പ്രസിഡന്റും ഡയറക്ടറുമായിരുന്നു. ഇന്ത്യൻ അസോസിയേഷൻ ഓഫ് കാർഡിയാക് തൊറാസിക് സർജന്റെ സെക്രട്ടറിയും പ്രസിഡന്റും, പീഡിയാട്രിക് കാർഡിയാക് സൊസൈറ്റി ഓഫ് ഇന്ത്യ പ്രസിഡന്റ്, ലണ്ടനിലെ റോയൽ സൊസൈറ്റി ഓഫ് മെഡിസിൻ ഫെലോ, മലേഷ്യൻ അസോസിയേഷൻ ഫോർ തൊറാസിക് ആൻഡ് കാർഡിയോവാസ്കുലർ സർജറിയുടെ ഓണററി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

നാടുമായുള്ള ബന്ധം മറന്നില്ല

ചെങ്ങന്നൂർ: ചെങ്ങന്നൂരുകാർ എന്നും അഭിമാനത്തോടെ ഓർക്കുന്ന പേരാണു ഡോ. കെ. എം. ചെറിയാൻ. കോട്ടൂരേത്ത് മാമ്മൻ ചെറിയാന്റെയും മറിയാമ്മ മാമ്മന്റെയും മകനായി ജനിച്ച കെ. എം. ചെറിയാൻ ലോകപ്രശസ്തനായപ്പോഴും നാടുമായുള്ള ബന്ധം മറന്നില്ല. 2000-ൽ പരുമല സെന്റ് ഗ്രിഗോറിയോസ് മിഷൻ ആശുപത്രിയിൽ ഡോ. കെ. എം. ചെറിയാൻ ഫൗണ്ടേഷൻ ഹൃദയശസ്ത്രക്രിയാ വിഭാഗം ആരംഭിച്ചത് നാട്ടുകാരോടുള്ള പ്രതിബദ്ധത കൊണ്ടു കൂടിയാണ്.

ചെങ്ങന്നൂരിലെ കുടുംബവീട്ടിലും ബന്ധുവീടുകളിലും എത്തി ബന്ധുക്കളെ സന്ദർശിക്കാനും മറന്നിരുന്നില്ല. കഴിഞ്ഞ നവംബറിലും വീട്ടിലെത്തിയിരുന്നു. 1991-ൽ പത്മശ്രീ നൽകി രാജ്യം ആദരിച്ചപ്പോൾ ചെങ്ങന്നൂരിൽ പൗരാവലി വൻ സ്വീകരണം നൽകിയിരുന്നു.



ആർച്ച് ബിഷപ്പ് അനസ്താസിയോസ് കാലം ചെയ്തു

അൽബേനിയൻ ഓർത്തഡോക്സ് സഭയുടെ അധ്യക്ഷൻ ആർച്ച് ബിഷപ്പ് അനസ്താസിയോസ് കാലം ചെയ്തു. 95 വയസ്സായിരുന്നു. അൽബേനിയൻ ഓർത്തഡോക്സ് സഭ കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ കീഴിൽ നേരിട്ടിരുന്ന കൊടിയ പ്രതിസന്ധികൾക്ക് ശേഷം അധ്യക്ഷനായ ആർച്ച് ബിഷപ്പ് അനസ്താസിയോസ് 1992 മുതൽ അൽബനിയൻ സഭയുടെ പുനരുദ്ധീകരണത്തിനു ശ്രമിച്ച നേതാവാണ്. ബഹുഭാഷാ പണ്ഡിതനായ ഇദ്ദേഹം ഭാരതത്തിന്റെ തത്ത്വശാസ്ത്രത്തെയും, സനാതന ധർമ്മത്തെയും പറ്റി ഗാഢമായി പഠിക്കുകയും അവയെ പ്രഭാഷണങ്ങളിലും എഴുത്തുകളിലും ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.



Theological Students' Conference Held at St. Thomas Apostolic Seminary, Vadavathoor.



സഹസ്രോത്തര ദ്വിശതാബ്ദിയുടെ നിറവിലായ കായംകുളം കാദീശാ കത്തീഡ്രൽ ദേശത്തെ ക്രൈസ്തവ സഭകളുടെ മാതാവ് എന്ന ബഹുമതിക്ക് അർഹയെന്നു മാർത്തോമ്മാ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്ത ഡോ. ഏബ്രഹാം മാർ ബർണ്ണബാസ് പറഞ്ഞു. സഹസ്രോത്തര ദ്വിശതാബ്ദിയുടെ ഭാഗമായി ക്രമീകരിച്ച പൈതൃക സമ്മേളനം ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിവിധ സഹോദരി സഭകൾക്കു പുറമേ പതിനാറ് ഇടവകകൾക്ക് ജന്മം നൽകിയ മാതൃ ദേവാലയമായ കാദീശ കത്തീഡ്രലിന് ഇനിയും ഇടവകൾക്ക് ജന്മം കൊടുക്കാൻ പ്രാപ്തിയുണ്ടെന്നു അദ്ധ്യക്ഷപദം വഹിച്ച ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഏബ്രഹാം മാർ എപ്പിഫാനിയോസ് പറഞ്ഞു.

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

– പ. പരുമല തിരുമേനി



Metropolitan Isidore of Smolensk of the Moscow patriarchate Russian Orthodox Church along with Hieromonk Stefan Igumnov, Secretary , Department of External Church Relations- inter Christian Affairs, Fr. Lev Garin, secretary of His Eminence gave a courtesy visit to St George Orthodox Syrian church , Dubai.



മർത്ത് മറിയം വനിതാസമാജം UAE സോണിൻറെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം റാസൽഖൈമ സെൻറ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയിൽ വച്ച് ചെന്നൈ ഭദ്രാസന മെത്രാപ്പോലീത്തയും ബാംഗ്ലൂർ ഭദ്രാസന സഹായ മെത്രാപ്പോലീത്തയുമായ അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സീനോസ് നിർവഹിച്ചു.



രാഷ്ട്രപതിയുടെ Police Medel For Meritorious Service Award നേടിയ അങ്കമാലി ഭദ്രാസനത്തിലെ കുന്നുക്കുരുടി സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമായ ബാബു പറമ്പിലിനെ കർണാടക ഗവർണർ Thawar Chand Gehlot ബാംഗ്ലൂരിൽ വച്ച് ആദരിച്ചു.



പുതുപ്പള്ളി മണലുംഭാഗത്ത് മാളികയിൽ അർജുൻ ഫിലിപ്പ് ജോർജ് സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരളയിൽ നിന്ന് നിയമത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്.